# എഴുത്തിടം

ഡിജിറ്റൽ മാഗസിൻ



ജി. എച്ച് .എസ്. എസ്
കണിയാമ്പറ്റ

# <u>എഡിറ്റോറിയൽ</u>

കണിയാമ്പറ്റ ഗവ.ഹയർസെക്കൻഡറി
സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന
'എഴുത്തിടം 'ഡിജിറ്റൽ മാഗസിൻ
വിദ്യാർഥികളുടെ സർഗ്ഗശേഷികൊണ്ട്
സമ്പന്നമാണെന്ന് ഞങ്ങൾ
അവകാശപ്പെടുന്നില്ല. എങ്കിലും.....
വളർന്നു വരുന്ന പ്രതിഭകൾക്ക്
ഇടം നൽകാൻ സാധിച്ചതിൽ
സന്തോഷമുണ്ട്.

ഒപ്പം....ഈ എളിയ പരിശ്രമത്തിന്
സഹായ സഹകരണങ്ങൾ നൽകി
ധന്യമാക്കിയവർക്കുള്ള നന്ദിയും
കടപ്പാടും ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട്
'എഴുത്തിടം' നിങ്ങളിലേക്ക്
സമർപ്പിക്കുന്നു.

നന്മകളോടെ ,

<u>മാജിദ.ടി.പി.</u>

( സ്റ്റുഡന്റ് എഡിറ്റർ )

# EDITORIAL BOARD



Chief Editor
M K USHADEVI
(Headmistress)



Staff Editor
ABDULGAFOOR.N



Student Editor
MAJIDA T P

## ADVISORY BOARD



MARIYAM
MAHAMOOD
( S I T C )



JAYA K N
(Kite mistress)



BINDU M
(Kite mistress)



SHAJI PULPALLI
(Aksharavedi)

# MEMBERS



AKSA BIJU



SAFANA FEBIN A.I



BHARATH D



MUHAMMAD RAFI



BASIL BIJU



ANJALI M. J



AYONA C.P



ABIN N

# OUR SCHOOL
# G.H.S.S KANIYAMBETTA

## SINCE : 1975



# ആശംസ



കണിയാമ്പറ്റ ഗവൺമെന്റ് ഹൈസ്കൂൾ
വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ
നേതൃത്വത്തിൽ ഒരു മാഗസിൻ
പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം
രേഖപ്പെടുത്തുന്നു.
സർഗാത്മകത സ്ഫുരിക്കുന്ന ഇത്തരം
രചനകളിലൂടെ മാനവിക മൂല്യങ്ങൾ
ഉയർത്തി പിടിക്കുന്ന ഒരു പുതു തലമുറയുടെ
മുന്നേറ്റം സാധ്യമാകട്ടെയെന്ന്
ആശംസിക്കുന്നു.

**കെ ആർ മോഹനൻ**
**(പ്രിൻസിപ്പാൾ)**

## ആശംസ



കണിയാമ്പറ്റ
ഗവൺമെന്റ് ഹൈസ്കൂൾ
ലിറ്റിൽ കൈറ്റ്സിന്റെ
നേതൃത്വത്തിൽ
നിർമ്മിക്കുന്ന ഡിജിറ്റൽ
മാഗസിന് എല്ലാ വിധ
ആശംസകളും നേരുന്നു

എം. കെ ഉഷാദേവി
(ഹെഡ്മിസ്ട്രസ്)

## ആശംസ



കണിയാമ്പറ്റ
ഗവ.ഹയർസെക്കൻഡറി സ്കൂൾ
വിദ്യാർഥികൾ തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസിന് എന്റെ
ഹൃദയ ഭാവുകങ്ങൾ...
കുട്ടികളുടെ സർഗ്ഗാത്മഗ
വളർച്ചയും സാങ്കേതിക
തികവും ഇതുവഴി
പുരോഗതിപ്പെടുമെന്ന
പ്രത്യാശയോടെ......

കെ .ഇബ്രാഹിം

( പി.ടി.എ.പ്രസിഡന്റ് )

# OUR TEACHERS



# LITTLE KITES



# താളുകൾ മറിയുമ്പോൾ


പ്രദീഷ് താന്നിയാടിന്റെ കൂടെ 12

കനം പുറത്തെവീട്ടിലിരുന്ന്..... 18

തനിയെ 19

farewell to loneliness 20

കാലാവസ്ഥ വ്യതിയാനം 21

എന്തിനോവേണ്ടി 24

മഴച്ചൊല്ലുകൾ 25

ഓർമ്മകളിലെന്നും പച്ചപ്പ് 26

mystery of friendship 27

ഇന്ത്യയിലെ സാമ്പത്തിക പരിഷ്കാരണവും ദാരിദ്ര്യം 28

എന്റെ വിദ്യാലയം 32

ആമേൻ സിസ്റ്റർ ജെസി 33

ആകാശ വിസ്മയത്തെ തൊട്ടറിയാൻ 34

പ്രകൃതിക്കിണങ്ങിയ ചിത്രം 38

എന്റെ അമ്മ 40

കുറുങ്കവിതകൾ 41

മഹദ് വചനങ്ങൾ 42

Humour 43

Did you know 45

Our sad become happy 46

മതിൽ 47

അലാഹയുടെ പെൺമക്കൾ 48

Important International Days 49

ദുഃഖമാം കണ്ണുനീർ 50

Flood 51

പുഴപ്പോലെ 53

How to study 55

ഓണചൊല്ലുകൾ 56

ബഹിരാകാശ ക്വിസ് 57

സൗരയൂഥം 59

ജന്മദിന സമ്മാനം 61

An Ideal Student 64

ബാല്യകാല സഖി 66

| | |
|---|---|
| അനിൽ കുറ്റിച്ചിറയോടൊപ്പം | 68 |
| ജലം അഥവാ'യുദ്ധ' ജലം | 73 |
| നുറുങ്ങുകഥകൾ | 74 |
| ഇടസ്റ്റ് | 75 |
| ഡിജിറ്റൽ പെയിന്റിംഗ് | 76 |
| അവഗണനയുടെ മറവിൽ | 77 |
| ഉണങ്ങാത്ത മുറിവ് | 79 |
| ഒഴുകുമോ നാളെ നീ | 80 |
| മഴ | 81 |
| എന്റെ അമ്മ | 82 |
| ബാല്യം | 83 |
| My Lost Friend | 84 |
| പാചകം | 85 |
| വ്യക്തികൾ: മുദ്രകൾ | 86 |
| പദപ്രശ്നം | 88 |
| ചരിത്രം പ്രതിഭകൾ | 89 |
| പ്രളയം | 92 |
| മലർവാടി | 94 |
| ചന്ദ്രനിലെ രാജകുമാരി | 95 |
| ഡിജിറ്റൽ പെയ്റ്റിങ്ങ് | 96 |
| God's On District | 97 |
| വയനാടിന്റെ ഭാവി | 106 |
| വരകൾ ചിത്രങ്ങൾ | 107 |
| ചരിത്രത്തിന്റെ മുറിവുകൾ | 109 |
| ഭൂമിക്കൊരു തണൽ | 110 |
| മാഗസിൻ പ്രവർത്തനങ്ങളിലൂടെ | 111 |
| ക്യാമറ കണ്ണുകളിലൂടെ | 112 |
| പത്രതാളുകളിലൂടെ | 120 |
| Thank you | 124 |

**അഭിമുഖം**

# പ്രദീഷ് താന്നിയാടിന്റെ കൂടെ........

**പ്രദീഷ് താന്നിയാട്**

വയനാട്ടിലെ പനമരത്ത് ജനനം. യുവകവികളിൽ ശ്രദ്ധേയനായ ഇദ്ദേഹം ആനുകാലികങ്ങളിലും സോഷ്യൽ മീഡിയകളിലും നിരന്തരമായിട്ട് എഴുതുന്നുണ്ട്. കവിയരങ്ങുകളിലെ നിറസാന്നിദ്ധ്യമാണ് ഈ യുവകവി.നീർമ്മാതളം ബുക്സ് പ്രസിദ്ധീകരിച്ച ഒന്ന് വീതം രണ്ട് നേരം എന്ന കാവ്യസമസാഹാരം പ്രദീഷിന്റെ ആദ്യ പുസ്തകമാണ്. മികച്ച ഗ്രന്ഥശാലാ പ്രവർത്തകൻ കൂടിയായ ഇദ്ധഹം ഇപ്പോൾ മാനന്തവാടിക്കടുത്ത് എള്ളുമന്തത്ത് സ്ഥിരതാമസം

വിലാസം: പ്രദീഷ് താന്നിയാട്

മുലിയാണിക്കുന്നേൽ

ഫോൺ : 9526115713

**അഭിമുഖം: അക്സ ബിജു**

**മാജിദ ടി പി**



**?വയനാട്ടിലെ പ്രശസ്തരായ കവികളുടെ കൂട്ടത്തിൽ തന്നെ ഏറെ അറിയപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതും വായനക്കാർ എന്നും സ്നേഹത്തോടെ ഓർക്കുകയും ചെയ്യുന്ന ഒരു കവി എന്ന നിലയിൽ താങ്കളുടെ ആദ്യ രചനക്ക് പ്രചോദനമായ സാഹചര്യം എന്തായിരുന്നു**

തീർച്ചയായും എന്റെ നാട്ടിൻപുറവും അതിന്റെ സ്മരണകളുമാണ് എന്നിലെ കവിയെ കണ്ടെത്തിയത് . നാട്ടുവഴികളും തൊഴിലിടങ്ങളും അതിനുപരി വിശന്നുറങ്ങിയ നാളുകളും . ഓരോ മനുഷ്യനും ജീവിക്കുന്നത് അവന്റെ ഭൂതകാല സ്മരണകളിലൂടെയാണ്. നടന്നു പോയ വഴിയോരങ്ങളും കൂട്ടുകാരും നാട്ടുകാരും അങ്ങനെയുള്ള ഇന്നലകളുടെ സ്മരണകളുമാണ് എന്റെ കവിതകൾക്ക് പ്രചോദനം നൽകുന്നത്. ഞാൻ പനമരം സ്കൂളിൽ പടിച്ചതാണ്. കുട്ടിക്കാലം ഞാൻ ചെലവഴിച്ചത് മാനന്തവാടിയിലാണ്. അതിനാൽ തന്നെ എന്റെ ഓർമ്മകളെല്ലാം ഈ പ്രദേശത്തെ ചുറ്റിപ്പറ്റിയാണ് നില നിലനിൽക്കുന്നത്.

**? ഏതെല്ലാം വിഷയങ്ങളാണ് അങ്ങ് കവിതക്ക് ആധാരമാക്കുന്നത്.**

സമകാലീനവിഷയങ്ങളാണ് മിക്കവാറും എന്റെ കവിതകളിൽ പ്രമേയമാവാറുള്ളത്. ജന്മനാട് നഷ്ടമാവുന്നവരുടെ വേദനകൾ, ഒറ്റപ്പെടുന്നവരുടെ ആകുലതകൾ, തുടങ്ങിയവയാണ് ഇപ്പോൾ മുഖ്യമായും കവിതകളിൽ ചൂണ്ടിക്കാണിക്കുന്നത്.

**? സർ, ആദ്യമായി പ്രസിദ്ധീകരിച്ച പുസ്തകം ഏതാണ്.**

2013 ൽ നീർമാതളം ബുക്സിന്റെ ബാനറിൽ ആണ് ആദ്യമായി പുസ്തകം പ്രസിദ്ധീകരിച്ചത്. അനിൽ കുറ്റിച്ചിറ, ദാമോദരൻ ചീക്കല്ലൂർ, അനീസ് മാനന്തവാടി, ടി കെ ഹാരിസ് എന്നിവരോട്ടു ചേർന്ന് പത്ത് കവിതകളടങ്ങുന്ന "ഒന്നുവീതം രണ്ടുനേരം" എന്ന പുസ്തകം

**? താങ്കളുടെ കവിതകളിലെ വൈകാരികതകളുള്ള സ്പർശങ്ങളെ കുറിച്ച് എന്താണ് പറയാനുള്ളത്**

ഓർമ്മകളെ പോലെ വൈകാരിതയുള്ള മറ്റൊന്നുമില്ല. ഒരു മനുഷ്യന്റെ മനസ്സിനെ ചുറ്റിപ്പിടിക്കത്തക്ക അനുഭൂതി ഉണ്ടാക്കാൻ ഓർമ്മകളെ പോലെ മറ്റൊന്നിനും സാധിക്കില്ല. എന്റെ കവിതകളിൽ എപ്പോഴും എന്റെ ഓർമ്മകളുണ്ടാകും. അതുതന്നെയാണ്

വൈകാരിക സ്പർശവും.

**? സാറിന്റെ ആദ്യത്തെ കവിതയെക്കുറിച്ചാലോചിക്കുമ്പോൾ എന്താണ് പറയാനുള്ളത്.**

ഒരുപാട് സന്തോഷം തോന്നും. കാരണം ഓരോ ചിന്തകളാണ് ഓരോ കവിതയും ജനിപ്പിക്കുന്നത്. പിന്നെ എന്റെ ആദ്യത്തെ കവിതക്ക് ഇതിനെല്ലാമപ്പുറം മറ്റൊരു പ്രാധാന്യം കൂടിയുണ്ട്.അത് ഞങ്ങളുടെ നല്ലൊരു സൗഹൃദത്തിന്റെ പ്രതിഫലമാണ്. ആത്മാഭിമാനം തോന്നും ഒന്നുവീതം രണ്ടുനേരെത്ത കുറിച്ച് ചിന്തിക്കുമ്പോൾ.

**? നൂറ്റാണ്ടുകൾ മുന്നെ തന്നെ കവിതയുടെ പ്രാധാന്യം ജനങ്ങളറിഞ്ഞതാണ്. എക്കാലവും കവിത ഇതെ പോലെ തന്നെ നിലനിൽക്കുമോ.**

തീർച്ചയായും നിലനിൽക്കും.ഇത് ഞാൻ നേരത്തെ സൂചിപ്പിചതുമായി ബന്ധപ്പെടുത്തി പറയാം സമകാലീന വിഷയങ്ങൾ. മാറിക്കൊണ്ടിരിക്കും. മനുഷ്യന്റെ വികാരങ്ങളും അവസ്ഥകളും ചിന്തകളും അങ്ങനെയെല്ലാം.ഒരു കവിത തീർച്ചയായും ഇവയെ ഒക്കെ ആശ്രയിച്ചാണ് ജനിക്കുന്നത്.അതിനാൽ കവിതൾ എക്കാലവും നിലനിൽക്കും.

**? എഴുത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്.**

എഴുത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നത് ഒരുപാട് ഘടകങ്ങളാണ്.നമ്മളെ എന്ത് മാനസികമായി ബുദ്ധിമുട്ടിക്കുന്നുവോ അതായിരിക്കും നമ്മുടെ കവിതയുടെ സ്വഭാവം.എന്റെ കവിതയെ സംബന്ധിച്ച് അതിരുകൾ ഒരു പ്രധാന വിഷയമാണ്. അതിരുകൾ കുറിച്ച് ചിന്തിക്കുന്നവർക്കാണ്അതിരുകൾ ഉണ്ടാകുന്നത്. വയനാട്ടിലെ ആദിവാസികളെ എടുത്തു നോക്കു.അവർക്ക് അതിരുകളില്ല. കാടും മേടും മലയും താണ്ടി വിറകു ശേഖരിച്ചും കായ് കനികൾ ഭക്ഷിച്ചും അവർ ഇന്നും ജീവിക്കുന്നു.ഇതെന്റെ സ്ഥലം മറ്റേത് അവന്റേത് അങ്ങനെ ഒന്നും ഇല്ല. അവർക്കെല്ലാം ഒരുപോലെയാണ് ഇത്തരത്തിൽ എഴുത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്ന പലതും ഉണ്ട്.

**? 2019-ൽ ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടോ.**

ഉണ്ട്. ഇപ്പോൾ ഒരു പുസ്തകത്തിന്റെ പണിപ്പുരയിലാണ്.നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**? അങ്ങേക്ക് കവിതകൾ എഴുതാൻ പ്രചോദനമായ വ്യക്തികളെകുറിച്ച് അറിയാൻ അഗ്രഹമുണ്ട്?**

ബാലാമണിയമ്മ, പി.കുഞ്ഞിരാമൻ നായർ എന്നിവരുടെ കവിതകൾ എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.അതുതന്നെയായിരിക്കാം എനിക്ക് കവിതയിലേക്കുള്ള വാതിൽ തുറന്നത്.

**? എഴുത്തിൽ ഏറ്റവും കൂടുതൽ പിൻതുണ നൽകിയവരാരൊക്കെയാണ്?**

മാതാപിതാക്കൾ,ഭാര്യ,പിന്നെ എടുത്തു പറയാൻ എന്റെ സുഹൃത്തുക്കൾ.മാനന്തവാടി പഴശ്ശി ലൈബ്രറിയിൽ പത്തുവർഷം ഞാൻ പ്രവർത്തിച്ചു.അക്കാലത്തെ സുഹൃത്തുക്കളാണ് എല്ലാ പിൻതുണയുമായി ഇന്നും എന്നും എനിക്കൊപ്പമുള്ളത്

**? കവിതാരംഗം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്?**

സാഹചര്യങ്ങൾ പലപ്പോഴും കവിതാരംഗത്തെ പ്രതിസന്ധിയിലാക്കാറുണ്ട് .പക്ഷേ,പൂർണമായും ഇതിനെ ഞാൻ അംഗീകരിക്കുന്നില്ല.കാരണം യുദ്ധഭൂമിയിൽ വച്ച് പോലും ജനിച്ച കവിതകൾ ചരിത്രത്തിലുണ്ട്.എങ്കിലും മറ്റുചില സാഹചര്യങ്ങൾ കൂടികണക്കിലെടുക്കുമ്പോൾ അംഗീകരിക്കേണ്ടതായും വരും.

**? കവിതാരചനയിൽ സ്ത്രീപുരുഷ വിവേജനം ഉണ്ടോ ?**

ഒരിക്കലും ഇല്ല . കലാകാരൻമാർ അല്ലെങ്കിൽ എഴുത്തുകാർ എക്കാലവും സമൻമാരാണ്. അവർക്കിടയിൽ ആണെന്നോ പെണ്ണെന്നോ ഹിന്ദുവെന്നോ ക്രിസ്ത്യനെന്നോ ഇസ്ലാമെന്നോ ഒന്നുമില്ല.



**?സോഷ്യൽ മീഡിയകളുടെ കടന്നുകയറ്റം എഴുത്തിന് ഭീഷണിയാണോ?**

ഒരിക്കലുമില്ല .വായിക്കുന്നവൻ എന്തു സംഭവിച്ചാലും അവന്റെ വായന തുടരും.പിന്നെ ഒരർത്ഥിൽ പുതിയ കഥകളുടെയും കവിതകളുടെയും പ്രചാരണത്തിന് സോഷ്യൽ മീഡിയകൾ സഹായിക്കുന്നുമുണ്ട്.ഒരു മാസികയിൽ നമ്മുടെ കവിത അലെങ്കിൽ കഥ വരണമെങ്കിൽ അവരുടെ കാലുപിടിക്കാണം.പക്ഷേ സോഷ്യൽ മീഡിയകൾ ഒരു കലാകാരനു വളരാനുള്ള സാഹചര്യം ഇന്ന് നൽകുന്നുണ്ട്.

**?പ്രസിദ്ധികരിക്കാനായി അയച്ച ഒരു കവിത പ്രസിദ്ധീകരിക്കാതെ തിരിച്ചയക്കപ്പെടുമ്പോൾ വിഷമം തോന്നാറുണ്ടോ?**

ഒരിക്കലുമില്ല. അങ്ങനെ കേവലങ്ങളായ കാര്യങ്ങൾക്കുവേണ്ടി വിഷമിക്കേണ്ടതില്ല.വിണ്ടും അവസരങ്ങൾ വരുമെന്ന് പ്രത്യാശിക്കാനാണ് എനിക്കിഷ്ടം.100 കവിതകൾ എഴുതുമ്പോഴാണ്ഒരെണ്ണമെങ്കിലും പ്രസിദ്ധികരിക്കപ്പെടുന്നത്.അപ്പോഴും തളരാതെ നിൽക്കുന്നവനായിരിക്കും എക്കാലത്തെയും മികച്ച കലാകാരൻ.

# കുന്നും പുറത്തെ വീട്ടിലിരുന്ന് മഴ കാണുന്നു .

തിരഞ്ഞു നോക്കാതെ
തിടുക്കത്തിൽ
കാറ്റ് മഴയെ
അടുക്കി വെച്ച്
പിന്നാലെ വരുന്ന
മറ്റൊരു കാറ്റ്
ജീവിതത്തിനെ എന്ന പോലെ
മഴയെ മാറ്റി മാറ്റി.
വയലിൽ വാഴപ്പണിക്കാർ
വലിയ ചാലുകീറി
കുന്നിൻ മുകളിലെ
മുഴുവൻ വെള്ളവും
സൂത്രത്തിൽ കർണ്ണാടകവരെ ചിരിപ്പിച്ച്.
വിളറിനിൽക്കുന്നു വയനാട്ടുക്കാർ.
ജെസീബീ. ഡ്രൈവർ
ബംഗാളി ചെക്കൻ
കല്ല്യാണപ്രായമെത്തിയ
പെണ്ണുങ്ങൾക്കിടയിലൂടെ
മലയാള പാട്ട് മൂളികൊണ്ട്
കുന്നിൻ വേരിലേക്ക്
തിരക്കൂ പിടിച്ചു നടന്നു പോകുന്നു
ഓർമ്മകൾ തിന്ന് ഓരങ്ങളില്ലാതെ
വെറുതെ തവളകൾ
കുന്നിൻ മുകളിലിരുന്ന്
സ്കൂളിൽ പോകാത്ത
ആദിവാസ കുട്ടികൾ
മഴ വരയ്ക്കാൻ ശ്രമിച്ച്
തോറ്റു പോകുന്നു.
തോറ്റവരുടെ കണ്ണിൽ
നിന്നാകുമോ
ശേഷിക്കുന്ന മഴ.



*പ്രദീഷ് താന്നിയാട്*

# തനിയെ

മഴക്കാറും മാരുതനും മഞ്ഞും
എന്നെ കൈവെടിഞ്ഞു
നിഴലും നിദ്രയും നിലാവും എന്നോട് വിട പറഞ്ഞു
ഒടുവിൽ ഈ നിശീഥിനിയുടെ പൂപ്പൽ പിടിച്ച
ചുവരുകൾക്കുള്ളിൽ നിരാശകളും ആശകളുമില്ലാതെ
ഗുണിച്ചും ഹരിച്ചും കൂട്ടിയും കുറച്ചും
ഉത്തരങ്ങൾ കിട്ടാത്ത ജീവിതത്തിന്റെ
ഗണിതക്രിയകളിൽ മുഴുകാതെ മുഴുകിയും
ശേഷിച്ച കാലത്തിന്റെ കാവലാളായ്........

# എന്റെ ഉമ്മ

അറിവിന്റെ കടലായ് മാറിയെന്നുമെന്നുമ്മ
സ്നേഹത്തിന്റെ വറ്റാത്ത ഉറവിടമെന്നും.
അഭിമാനത്തോടെ ഞാൻ എന്നും മുന്നേറിടുന്നു.
അന്ധകാരത്തിന്റെ കൂരിരുട്ടിൽ-
സൂര്യ തേജസ്സ് പോലെ
ഉമ്മയാണെന്നുമെൻ വഴികാട്ടി.
തൂവൽ സ്പർശമാണെന്നുമെൻ ഉമ്മ,
കൊടും കാറ്റിലെ കെടാവിളക്കും
പൊൻ കതിർ പോലെയെന്നുമെന്നുമ്മ
ഉമ്മക്ക് സമം എൻ ഉമ്മമാത്രം

സഫാന ഫെബിൻ എ.ഐ 9E

കവിത

# Farewell to loneliness



Oh, lovely death,
Oh, cruel murder,
From dawn to dust
and dusk to dawn
I realized I am alone.
flowers bid farewell for me
Rustling leaves leave from me.
flowing steam stop flourishing
Angel of peace forgot me.

Poppy sprang – like angel of truth
finger's of wind touches them nicely.
Light of lamp, gleam as glue.
Rejoicing rain, fall's slow.
I saw them but, they didn't.

I realize what's a friend,
a family and nature.
Because I am alone, alone,
stranger to all.

Nature scares at me
people scrutinize me
Butterflies avoid me
I felt blue, longing life.

Hues of bow hides from me,
cool of water slips from me,
Dream of sleep threaten me
song of birds drought me.

Loneliness, its hard, strong and fear,
Anyone can act but,
some one can feel.
At last I turn down
my life.
Alone in the dream of
grove.
Feeling, crying like alone
To search death and grove..

*Majida T.P*

ലേഖനം

# കാലാവസ്ഥ വ്യതിയാനം

നമുക്ക് വേനൽക്കാലത്ത് ചൂടും ശീതകാലത്ത് തണുപ്പും അനുഭവപ്പെടുന്നു. ഈ രീതിയിൽ നമുക്ക് വ്യത്യസ്ത കാലാവസ്ഥകൾ അനുഭവപ്പെടുന്നത് ഒരു നിശ്ചിത കാലയളവിൽ അനുഭവപ്പെടുന്ന ദൈനംദിന ശീതോഷ്ണത്തിൻറെ ശരാശരിയാണ്. ആ പ്രദേശത്തിൻറെ കാലാവസ്ഥ. വൃഷ്ടി, സൂര്യപ്രകാശം, കാറ്റ്, നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിൻറെ കാലാവസ്ഥയെ നിർണ്ണയിക്കുന്നത്.

കഴിഞ്ഞ 150-200 വർഷങ്ങളിൽ അസാധാരണ വേഗതിയിലാണ് കാലാവസ്ഥ വ്യതിയാനം സംഭവിക്കുന്നത്. ഈ പ്രകടമായ ധ്രുതഗതിയിലുള്ള കാലാവസ്ഥ വ്യതിയാനത്തിൽ കാരണം മനുഷ്യൻറെ പ്രകൃതിയിലുള്ള ഇടപെടലുകളാണ്.

## കാലാവസ്ഥ വ്യതിയാനത്തിന്റെ കാരണങ്ങൾ

***ഭൂഖണ്ഡങ്ങളുടെ സ്ഥാന ചലനം***

ഇന്ന് നാം കാണുന്ന ഭൂഖണ്ഡങ്ങൾ നിലവിൽ വന്നത് ദശലക്ഷം വർഷങ്ങൾക്കു മുൻപ് ഭൂഭാഗങ്ങൾ മന്ദഗതിയിൽ അടർന്നു മാറിയതു മൂലമാണ്. ഭൂഭാഗങ്ങളാൽ ആകൃതി വ്യത്യാസം സംഭവിക്കുമ്പോൾ, സമുദ്രങ്ങളിലെ പ്രവാഹവും കാറ്റിൻറെ ഗതിയും അതനുസരിച്ച് മാറുന്നു. ഇത് കാലാവസ്ഥയെയും മാറ്റുന്നു.

- ***അഗ്നിപർവ്വതങ്ങൾ***

ഒരു അഗ്നിപർവ്വതം പൊട്ടിതെറിക്കുമ്പോൾ, വൻതോതിൽ സൾഫർ ഡയോക്സൈഡ് വാതകം, ബാഷ്പം, പൊടിപടലങ്ങൾ, ചാരം തുടങ്ങിയവ അന്തരീക്ഷത്തിൽ വ്യപിക്കുന്നു. അഗ്നിപർവ്വതം ഏതാനും ദിവസങ്ങൾക്കകം കെട്ടടങ്ങിയേക്കാം. പക്ഷെ, അത് വമിച്ച വൻതോതിലുള്ള വാതകങ്ങളും ചാരവും കാലാവസ്ഥയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ദൂരവ്യാപകമാകുന്നു.

- **ഗ്രീൻഹൗസ് പ്രതിഭാസം**

ഭൂമിയിൽ ഊർജ്ജം ലഭിക്കുന്നത് സൂര്യഗോളത്തിൽ നിന്നാണ്. ഈ ഊർജ്ജം ഭൂമിയെ തപിപ്പിക്കുന്ന സൂര്യനിൽ നിന്നും ഭൂമിയിലേക്ക് പ്രവഹിക്കുന്ന സൂര്യരശ്മികൾ *30%*

അന്തരീക്ഷത്തിൽ തന്നെ ചിതറി ലയിക്കുന്നുണ്ട്. എന്നാൽ കാർബൺ ഡൈഓക്സൈഡ്, മീതേൻ, നൈട്രൈഡ് ഓക്സൈഡ്, ബാഷ്പങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം അന്തരീക്ഷത്തിൽ ഒരു വിതാനം രൂപപ്പെടുത്തി, പ്രസ്തുത ഊർജ്ജത്തെ അന്തരീക്ഷത്തിൽ തന്നെ തടഞ്ഞു നിറുത്തുന്നുണ്ട്. ഈ വാതകങ്ങളെ ഗ്രീൻഹൗസ് വാതകങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു. ഈ പ്രവർത്തനത്തിലൂടെ ഭൂമിയിലെ താപനിലയെ നിലനിർത്തുന്നതിനാൽ ഇതിനെ ഗ്രീൻഹൗസ് എഫക്റ്റ് എന്ന് പറയുന്നു.

ഈ അനുഭവത്തെ ആദ്യമായി സാക്ഷ്യപ്പെടുത്തിയത് ജീൻ-ബാപാടൈസ് ഫൂറിയർ എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞനാണ്. ഈ പ്രകൃതിദത്തമായ ഗ്രീൻഹൗസ്- പുതപ്പ്, ഭൂമിയുടെ ആവിർഭാവം മുതൽ തന്നെ രൂപപ്പെട്ടിരുന്നു. എന്നാൽ കാലാകാലങ്ങളായി മനുഷ്യൻറെ പ്രകൃതിയിലുള്ള ഇടപെടലുകളുടെ ഫലമായി ഈ ആവരണത്തിൻറെ കാട്ടികൂട്ടുകയും, അതിൻറെ നല്ല ഫലങ്ങൾ നൽകാനുള്ള ശേഷി പ്രതികൂലമായി ബാധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൽക്കരി, എണ്ണകൾ, പ്രകൃതിവാതകങ്ങൾ ഇവയെ ഇന്ധനങ്ങളായി ഉപയോഗിക്കുമ്പോൾ, അന്തരീക്ഷത്തിലേക്ക് കാർബൺ ഡൈഓക്സൈഡ് വമിക്കപ്പെടുന്നു. കാർഷിക പ്രവർത്തനങ്ങളുടെ വർദ്ധനവ്, ഭൂമിയുടെ ഉപയോഗ പദ്ധതിയിലുണ്ടാകുന്ന മാറ്റങ്ങൾ, അതുപോലെയുള്ള ഇതര പ്രവർത്തനങ്ങൾ - ഇവയുടെ ഫലമായി, അന്തരീക്ഷത്തിൽ മീതെൻ, നൈട്രസ് ഓക്സൈഡ് ഇവയുടെ വിതാനം ഉയരുന്നു. വ്യവസായികമേഖലയാകട്ടെ ക്ലോറോഫ്ലൂറോ കാർബൺസ് (CFCs) തുടങ്ങിയ പല പുതിയ രാസപദാർത്ഥങ്ങളും തുറന്നുവിടുന്നുണ്ട്. വാഹന നിർമ്മാണ മേഖലയാകട്ടെ അന്തരീക്ഷത്തിലെ വർദ്ധിച്ച ഓസോൺ രൂപീകരണത്തിന് കാരണമാകുന്നു. ഇങ്ങനെ പല ഘടകങ്ങൾ ചേർന്ന് അന്തരീക്ഷത്തിലെ ഗ്രീൻഹൗസ് സാന്നിദ്ധ്യം വർദ്ധിപ്പിക്കുകയും അന്തരീക്ഷ തപനത്തിലേക്കും കാലാവസ്ഥ വ്യതിയാനത്തിലേക്കും നയിക്കുകയും ചെയ്യുന്നു.

**കാലാവസ്ഥ വ്യതിയാനം നമ്മെ ഏതെല്ലാം വിധത്തിൽ ബാധിക്കുന്നു?**

കാലാവസ്ഥ വ്യതിയാനം മനുഷ്യരാശിക്ക് ഒരു ഭീഷണിയാണ്. *19*-ാം നൂറ്റാണ്ടിലേതിനെ അപേക്ഷിച്ച്, ഭൂമിയിലെ ഉപരിതല താപനില *0.3-0.6*°C -യോളമാണ് ഇപ്പോൾ വർദ്ധിച്ചിട്ടുള്ളത്.

- ***കൃഷി***

ജനസംഖ്യാവർദ്ധനവ് ഭക്ഷണ സാധനങ്ങളുടെ ആവശ്യത്തെയും വർദ്ധിപ്പിക്കുന്ന ഇത് പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദത്തെയും വർദ്ധിപ്പിക്കുന്നു. കാലാവസ്ഥ വ്യതിയാനം കാർഷിക ഉല്പാദനത്തെയും ബാധിക്കുന്നുണ്ട്. ഇൻഡ്യയിൽ, ധാന്യവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കുറവുണ്ടാകും എന്നാണ് ഇപ്പോഴത്തെ വിലയിരുത്തൽ. വർദ്ധിച്ചു വരുന്ന താപനില, അതിവർഷവും, വെള്ളപ്പൊക്കവും, വരൾച്ച ഇവയും കാർഷികോല്പാദനത്തെ ദോഷകരമായി ബാധിക്കുന്നത് തന്നെയാണ്.

***സമുദ്രത്തിലെ ജലനിരപ്പില് ഉയര്ച്ച***

. ഗ്ലേസിയറുകളും ധ്രുവപ്രദേശത്തെ മഞ്ഞുപാളികളും ഉരുകുന്നതിൻറെ ഫലമായി, സമുദ്രനിരപ്പ്, ആഗോള വ്യാപകമായി ശരാശരി അരമീറ്റർ ഉയരും. അതും ഒരു നൂറ്റാണ്ടിനുള്ളിൽ എന്നാണ് ശാസ്ത്രലോകം ഭയപ്പെടുന്നത്. തീരപ്രദേശങ്ങളെ ഇത് അക്ഷരാർത്ഥത്തിൽ ഭൗതികക്ഷതങ്ങളേൽപ്പിക്കും; ഭൂമി വെള്ളത്തിനടിയിൽ അപ്രത്യക്ഷമാവുകയോ, ഒലിച്ചു പോവുകയോ ചെയ്യാം, വെള്ളപ്പൊക്കം വ്യാപകമാകാം, എല്ലായിടത്തും ഉപ്പുവെള്ളം കടന്നു കയറാം. ഇത് തീരപ്രദേശങ്ങളിലെ കൃഷിയെ കുടിവെള്ള ശ്രോതസ്സുകളെ, മത്സ്യബന്ധനത്തെ ആവാസ കേന്ദ്രങ്ങളെ, ആരോഗ്യത്തെ ഒക്കെ പാടെ നശിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

- ***ആരോഗ്യം***

ആഗോളതാപവർദ്ധന മനുഷ്യന് പുതിയ ആരോഗ്യ പ്രശ്നങ്ങളുണ്ടാകും. മുഖ്യമായും, ശരീരത്തിലെ ജലാംശം വാർന്നു പോകുന്ന അവസ്ഥ മരണകാരണമാകുന്നു. തുല്യപ്രാധാന്യമുള്ള കാര്യങ്ങൾ പകർച്ചവ്യാധികൾ വർദ്ധിക്കുക, പൊതുജനാരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ ദുർബ്ബലപ്പെടുക തുടങ്ങിയ അവസ്ഥയും ഉണ്ടാകാം.

**നിരോധനമാർഗ്ഗങ്ങള്**

- ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക.
- സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം തുടങ്ങിയ പുനർലഭ്യതയുള്ള ഊർജ്ജസ്രോതസ്സുകൾ കൂടുതൽ ഉപയോഗപ്പെടുത്തുക.

**പവിത്ര കെ *9f***

# എന്തിനോവേണ്ടി

കവിത,



നാല് ചുവരുകളാൽ തളയ്ക്കപ്പെട്ട്
തന്നിൽത്തന്നെ
പേടി പൊതിഞ്ഞ്
അടക്കം ചെയ്ത മനസ്സുമായി
ഇന്നിനെ തൊടാതെ
ഇരുട്ട് മൂടിയ നാളെകൾ..
നാളെകളെയോർത്ത്
വേവലാതിപൂണ്ട്
സ്വയമറിയാത്ത
ഇന്നുകൾ..
ഇവയെ നയിക്കാമെന്ന
വിശ്വാസത്തിലല്ലെ
ഇന്നലെകൾ പോയ് മറഞ്ഞത്..
ഭൂമി കറങ്ങിക്കൊണ്ടിരിക്കുന്നത് ?

അശ്വിൻ ജോസഫ്.

പഴഞ്ചൊല്ലുകൾ

# മഴ ചൊല്ലുകൾ



- ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.
- മഴ നനയാതെ പുഴയിൽ ചാടി
- മഴയുമില്ല വിളയുമില്ല
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- ചിങ്ങത്തിൽ മഴ ചിരിച്ചും കരഞ്ഞും
- ഇടവപ്പാതി കഴിഞ്ഞാൽ പിന്നെ കുടച്ചൂടാതെ നടക്കരുതാരും
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
- അന്തിക്കുവന്ന വിരുന്നും മഴയും ഒരുപോലെ
- ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്
- കൊല്ലത്തിൽ മഴ പെയ്താൽ കൊഴിലാണ്ടിയിൽ കുട പിടിക്കണോ?
- മഴ തുള്ളിക്കൊരു കുടം പോലെ


RINSHA SHERIN

◆

ചിത്രം

# ഓർമ്മകളിലെന്നും

# പച്ചപ്പ്



# *Mystery of Friendship*

“Nothing makes the earth seem so spacious as to have friends at a distance; they make the latitudes and longitudes.” -Henry David Thoreau

“I would rather walk with a friend in the dark, than alone in the light.” -Helen Keller

“Friendship is the hardest thing in the world to explain. It’s not something you learn in school. But if you haven’t learned the meaning of friendship, you really haven’t learned anything.” -Muhammad Ali


"A friend is one that knows you as you are, understands where you have been, accepts what you have become, and still, gently allows you to grow.” -William Shakespeare

“True friendship comes when the silence between two people is comfortable.” -David Tyson

“In the end, we will remember not the words of our enemies, but the silence of our friends.” -Martin Luther King Jr.

“A single rose can be my garden… a single friend, my world.” -Leo Buscaglia.

Deepak p Biju



# ഇന്ത്യയിലെ സാമ്പത്തിക പരിഷ്കരണവും ദാരിദ്ര്യവും

ലോക ജനസംഖ്യാ പട്ടികയിൽ രണ്ടാം സ്ഥാനവും ഭൂവിസ്തൃതിയിൽ ഏഴാം സ്ഥാനവും അലങ്കരിക്കുന്ന ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ ദരിദ്രർ വസിക്കുന്നത്. മാറി മാറി വരുന്ന ഗവൺമെന്റ് ഇന്ത്യയിലെ സാമ്പത്തിക സ്ഥിതി പരിപോഷിപ്പിക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും ദാരിദ്ര്യ നിർമാർജ്ജനത്തിൽ യഥാർത്ഥ പരിഹാരം കണ്ടെത്താനായിട്ടില്ല. നോട്ട് നിരോധനവും ചരക്ക് സേവന നികുതിയും താൽക്കാലിക പ്രശ്നങ്ങളാണെന്നും സമ്പദ് ഘടനയുടെ അടിസ്ഥാനഘടകങ്ങൾ ശക്തമാണെന്നും കേന്ദ്ര സർക്കാരും ഒരു വിഭാഗം സാമ്പത്തിക വിദഗ്ധരും പറയുന്നു. എന്നാൽ സാമ്പത്തിക പരിഷ്കാരങ്ങൾ സമ്പദ്ഘടനയുടെ മാന്ദ്യത്തിലേക്ക് നയിച്ചെന്നും ഇതിൽനിന്ന് കരകയറുക എളുപ്പമല്ലെന്നും മറ്റൊരു വിഭാഗം പറയുന്നു. ഇന്ത്യൻ സാമ്പത്തിക പരിഷ്കരണത്തിൽ വളരെയധികം പങ്ക് വഹിക്കുന്നവയാണ് ദേശീയ വ്യവസായ, ആരോഗ്യ, തൊഴിൽ നയങ്ങളും നോട്ട് നിരോധനവും

## ദേശീയ വ്യവസായ നയം

"ടെക്നോളജി, ട്രൈനിങ്, ട്രേഡ് , ടൂറിസം, ട്രെഡീഷൻ (5 T) എന്നിവയെ പരിപോഷിപ്പിച്ച് ഇന്ത്യയുടെ വികസനം നേടിയെടുക്കും" -നരേന്ദ്ര മോദി.

ദേശീയ വ്യവസായ നയം ലക്ഷ്യമിടുന്നത്

*വ്യാവസായിക വളർച്ച 12-14 ശതമാനമാക്കുക.
* 2022 ആവുമ്പോഴേക്കും 10 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
*ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഓരോ മേഖലക്കും ഇണങ്ങിയ തൊഴിൽ നൈപുണി വളർത്തിയെടുത്ത് എല്ലാവരെയും വികസനത്തിൽ പങ്കാളികളാക്കുക.
*വ്യവസായ വളർച്ച പരിസ്ഥിതി സൗഹൃദമാക്കുക.

വ്യവസായ നയത്തിൽ തൊഴിൽ സാധ്യത കൂടുതലായ വസ്ത്ര നിർമ്മാണം, തുകൽ നിർമ്മാണം തുടങ്ങിയ മേഖലക്ക് പ്രാധാന്യം നൽകി. പക്ഷെ ഇവിടെ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനായില്ല. അതായത് ഇന്ത്യയിലെ സാമ്പത്തിക-രാഷ്ട്രീയ- സാമൂഹിക സാഹചര്യങ്ങൾ, അടിസ്ഥാസൗകര്യങ്ങൾ എന്നിവ നിക്ഷേപകരെ പുറകോട്ടാക്കുന്നു. 1990 നു ശേഷം

ജി.ഡി.പി (മൊത്തം ആഭ്യന്തര ഉൽപ്പാദനം) യിൽ വൻ വളർച്ചയുണ്ടായി. എന്നാൽ സാമ്പത്തിക ശാസ്ത്രത്തിലെ നോബേൽ ജേതാക്കളായ അമർത്യാ സെൻ, ജോസഫ് സ്റ്റിഗലിറ്റസ് എന്നിവരുടെ നിരീക്ഷണം പോലെ വളർച്ച വികസനത്തിലേക്ക് നയിക്കണമെങ്കിൽ അത് നീതിപൂർവ്വം വിതരണം ചെയ്യപ്പെടണം. 60% ജി.ഡി.പി യും ഇന്ത്യയിലെ ഉന്നതരായ 10% വ്യക്തികളുടെ കയ്യിലാണ്.

## ദേശീയ ആരോഗ്യ നയം

ഒരു ഗവൺമെന്റ് ക്ഷേമോന്മുഖമായാണോ മുന്നേറുന്നത് എന്നറിയാനുള്ള ചൂണ്ടുപലകയാണ് സാമൂഹിക- അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിൽ എത്ര ശതമാനം ജി.ഡി.പി നിക്ഷപിക്കുന്നു എന്നത്. 2017 മാർച്ചിലാണ് ആരോഗ്യ നയം പ്രഖ്യാപിച്ചത് . ഈ നിർദ്ദേശം എല്ലാവർക്കും ആശ്വാസകരവും അഭിമാനാർഹവുമാണ്. കാരണം ലോകത്തെ അഞ്ചു രോഗികളിലൊരാൾ ഇന്ത്യയിലാണെന്നിരിക്കെ ഇങ്ങനെയൊരു നയം അനിവാര്യമാണ്.പ്രസ്തുത ആരോഗ്യ നയം അനുശാസിക്കുന്നത് 2025 ആവുമ്പോഴേക്കും കേന്ദ്രം ജി.ഡി.പി യുടെ 2.5% ആരോഗ്യമേഖലക്കായി നീക്കിവെക്കുമെന്നാണ്. ഇന്നത് 1.15% മാത്രമാണ്

## .നോട്ട് നിരോധനം

കള്ള നോട്ടുകൾ, കള്ളപ്പണം എന്നിവക്കെതിരേയുള്ള സർജിക്കൽ സ്ട്രൈക്ക് എന്നു പ്രധാനമന്ത്രി വിശേഷിപ്പിച്ചതായിരുന്നു 2016-ലെ നോട്ട് നിരോധനം. നോട്ടുകൾ പിൻവലിക്കുക വഴി 86.4% പണമാണ് പിൻവലിച്ചത്. എന്നാൽ ഇതിൽ 96.3% തിരിച്ചെത്തിയെന്ന് റിസർവ്വ് ബാങ്ക് അറിയിച്ചതിൽ സർക്കാരിന് വലിയ തിരിച്ചടിയാണ് നേരിടേണ്ടിവന്നത്. 80% സാമ്പത്തിക കൈമാറ്റങ്ങളും കറൻസി ഉപയോഗിച്ച് നടത്തുന്ന ഇന്ത്യയിൽ നോട്ട് നിരോധനം അതിരൂക്ഷമായ പ്രതിസന്ധിയാണ് കൊണ്ടുവന്നത് . കറൻസി പിൻവലിക്കൽ ചെറുകിട വ്യവസായം , കൃഷി, അസംഘടിത മേഖല എന്നിവയുടെ അടിത്തറ തന്നെ തകർത്തു

# ജി,എസ്.ടി



സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ നികുതി പരിഷ്കാരമെന്ന് പറഞ്ഞ് നടപ്പിലാക്കിയ ജി,എസ്.ടി യുടെ അവകാശവാദങ്ങൾ യാഥാർത്ഥ്യമായില്ല. സാധനങ്ങളുടേയും സാമഗ്രികളുടേയും വിലയുടെ സ്ഥാനത്ത് വൻവർധനവാണ് ഉണ്ടായത്.മുൻപ് 5% വാറ്റ് ഉണ്ടായിരുന്ന സ്ഥാനത്ത് 18 % മുതൽ 28% വരെ ജി,എസ്.ടി ചുമത്തി. വിലകയറ്റം വിപണിയുടെ തകർച്ചയും, സ്റ്റോക്കുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയും ഉണ്ടായി. ചെറുകിട- വൻകിട ഉത്പന്നങ്ങൾക്ക് ഒരേ ജി,എസ്.ടി ചുമത്തിയത് കാരണം ചെറുകിട വ്യവസായത്തെ പാടേ തകർത്തു.

# മറ്റ് കാരണങ്ങൾ

സാമ്പത്തിക മാന്ദ്യത്തിന്റെ മറ്റ് കാരണങ്ങൾ ഇന്ത്യയിലെ പല പ്രദേശങ്ങളിലുമുണ്ടായ വരൾച്ചയാണ്. കാർഷികോൽപ്പാദനത്തിൽ വന്ന ഇടിവ്, വിലയിടിവ്, നോട്ട് നിരോധനത്തിൽ വന്ന ഡിമാന്റ് എന്നിവ കാർഷിക പ്രതിസന്ധിയിലേക്ക് നയിച്ചു. ബീഫ് നിയന്ത്രണം ഇറച്ചിയുടേയും കന്നുകാലിയുടേയും വിപണനത്തിലേർപ്പെടുന്നവർക്ക് മാന്ദ്യം സൃഷ്ടിച്ചു.

# ദാരിദ്ര്യം



**ഇ**ത്രയും പ്രതിസന്ധികൾ ഉള്ള ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ ദരിദ്രർ വസിക്കുന്നത്.
*ഇന്ത്യയിൽ 6 വയസ്സിൽ താഴെ ഉള്ളവരിൽ 52% പോഷകദാരിദ്ര്യം അനുഭവിക്കുന്നവരാണ്.
*ലോകത്തെ 17% ജനങ്ങൾ ജീവിക്കുന്ന ഇന്ത്യയിൽ ലോക ശുദ്ധജലത്തിന്റെ 4% മാത്രമാണുള്ളത്.
*ലോകത്തിലെ ജോലികളിൽ 5-ൽ ഒരാൾ ഇന്ത്യയിലാണ്.

# പ്രതീക്ഷ

വൈദ്യുതി, ഇന്ധനം, ജലവിതരണം, വ്യാപാരം, ഗതാഗതം, വാർത്താവിനിമയം, സാമ്പത്തികം, റിയൽഎസ്റ്റേറ്റ് എന്നിവയിലെ വളർച്ചാനിരക്ക് കുറവും ഖനനം, വ്യവസായം, നിർമ്മാണം എന്നിവയിലെ ഇടിവും ഈ പ്രതിസന്ധിയുടെ പ്രതിഫലനങ്ങളാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 7 ലക്ഷം കോടിയുടെ റോഡുനിർമ്മാണ പദ്ധതി, 2.11 ലക്ഷം കോടിയുടെ പൊതുമേഖലാ മൂലധന അടിത്തറ ശക്തിപ്പെടുത്തൽ എന്നിവ ഇന്ത്യക്ക് പ്രതീക്ഷയാണ്. എ.പി.ജെ അബ്ദുൽ കലാമിന്റെ ലക്ഷ്യമായിരുന്ന 2020 ആവുമ്പോഴേക്കും ഇന്ത്യയെ ഒരു വികസിത രാജ്യമായി മാറ്റാനുള്ള പദ്ധതികൾക്കായി നമുക്ക് കൈകോർക്കാം.

ഷാൽബിൻ ഷാജി

കവിത



# എന്റെ വിദ്യാലയം

എന്നുമെൻ ഓർമ്മയിൽ നീ ......
കത്തുന്ന നൊമ്പരമായി........
മനസിൽ തീ ജ്വാലയായി......
ഓർക്കുമ്പോൾ ദുഃഖമായി............
നറുങ്ങു വെട്ടമായി ............
എൻ സൗഹൃദവും......

ഒപ്പം നല്ല നല്ല അധ്യാപകരും......

**അഞ്ജലി എം.ജെ**



**പുസ്തക പരിചയം**

# ആമേൻ -സിസ്റ്റർ ജെസ്മി




ഡി.സി. ബുക്സ് പ്രസിദ്ധീകരണം

100 രൂപ

ആത്മകഥ

സിസ്റ്റർ ജെസ്മി അഡ്വ. ആർ.കെ. ആശയുടെ സഹായത്തോടെ എഴുതിയ ആമേൻ എന്ന കൃതി പ്രസിദ്ധീകരിച്ചത് ഡി.സി. ബുക്സ് ആണ് .നൂറ് രൂപ വിലമതിക്കുന്ന ഈ പുസ്തകം സിസ്റ്റർ ജെസ്മിയുടെ ആത്മകഥയാണ്.

സമൂഹത്തിന്റെ വെള്ളപ്പരപ്പിലാണെങ്കിലും അതിൽനിന്നും അല്പം ഉയർന്നു നിൽക്കുന്ന വെള്ളത്താമര പോലെയാണ് കന്യാസ്ത്രീ ജീവിതം.
എന്നാൽ നാം കാണുന്നതു പോലെ സുന്ദരവും സുരഭിലവുമാണോ ആ ജീവിതം?.ഈശ്വരനോടുള്ള കടുത്ത പ്രണയം കാരണമായി കന്യാസ്ത്രീ ജീവിതം സ്വീകരിക്കുകയും പിന്നീട് കന്യാസ്ത്രീ മഠത്തിൽ നിന്ന് വേഷപ്രച്ഛന്നയായി ഒളിച്ചോടുകയും ചെയ്ത സിസ്റ്റർ ജെസ്മിയുടെ അത്ഭുതകരവും സാഹസികവുമായ അനുഭവത്തിന്റെ സാക്ഷ്യമാണ് ഈ നോവൽ.
കന്യാസ്ത്രീ തന്റെ ജീവിതത്തിലുടനീളം സഹിച്ച യാതനകളും സന്തോഷനിമിഷങ്ങളും പങ്കുവെക്കുകയാണ് ഇവിടെ.ഒരു കന്യാസ്ത്രീ തന്റെ ജീവിത പുസ്തകം തുറക്കുമ്പോൾ ഇതുവരെ നാമറിയാത്ത ചില ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ നാം അറിയേണ്ടിവരുന്നു.

മുഹമ്മദ് സിനാൻ

സഞ്ചാരസാഹിത്യം



# ആകാശ വിസ്മയത്തെ തൊട്ടറിയാൻ കുറുമ്പാലക്കോട്ട





വയനാട് ജില്ലയുടെ ഒത്ത മധ്യഭാഗത്ത് പ്രൗഢഗംഭീരമായി തലയുയർത്തി നിൽക്കുന്ന പ്രകൃതി വിസ്മയമാണ് കുറുമ്പാലക്കോട്ട. സമുദ്രനിരപ്പിൽ നിന്ന് 991 മീറ്റർ (3251 അടി) ഉയരത്തിലാണ് കുറുമ്പാലക്കോട്ട വ്യൂപോയിന്റ്.പ്രകൃതി വിസ്മയവും ചരിത്ര വിസ്മയവും ഒന്നിക്കുന്ന കുറുമ്പാലക്കോട്ട വയനാടിന്റെ അധിപനായിരുന്ന കുറുമ്പപാലകന്റെ കോട്ടയായിരുന്നു എന്ന് ചരിത്രകാരന്മാർ കരുതുന്നു. കുറുമ്പാലക്കോട്ടയെയും വേട സമുദായത്തെയും ബന്ധിപ്പിക്കുന്ന വീരപാട്ടുകൾ നിലനിന്നിരുന്നു. ഡെക്കാൻ പീഠഭൂയിയിൽ പശ്ചിമഘട്ട പൂർവ്വഘട്ടത്തിനടുത്തായി ഉയർന്നു നിൽക്കുന്ന ഈ മലയിൽ പഴശ്ശിരാജാവിന്റെ ഒളിപോരിന്റെ കേന്ദ്രമായ കരടിക്കുഴി എന്ന ഭാഗം നിലനിൽക്കുന്നു. ഗുഹ സമാനമായ ഈ ഭാഗം പുരാതനകാലത്ത് ഒളികേന്ദ്രമായിരുന്നു. വയനാടിനെ ശത്രു കരത്തിൽ നിന്നും രക്ഷിക്കാൻ

തന്ത്രപ്രധാനമായ ഒരു നിരീക്ഷണകേന്ദ്രമായി കുറുമ്പാലക്കോട്ട മലയെ ഉപയോഗിച്ചിരുന്നു. കുറുമ്പാലക്കോട്ട മലയിൽ കയറുമ്പോൾ മധ്യഭാഗത്തായി ശ്രീഭഗവതി ക്ഷേത്രം കാണാം. ഇതിന്റെ കാലപ്പഴക്കം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. വയനാടിനെ ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ കാവലാളായി ശ്രീഭഗവതി കുറുമ്പാലക്കോട്ട മലയിൽ വിശ്വസിക്കുന്നു എന്നാണ് വിശ്വാസം.

കുറുമ്പാലക്കോട്ട മലയുടെ ഒരു ഭാഗം കുരിശുമല എന്നറിയപ്പെടുന്നു. കുറുമ്പാലക്കോട്ട മലയുടെ താഴ്ഭാഗത്ത് ഏച്ചോം പ്രദേശത്ത് 3000-ത്തിലധികം വർഷം പഴക്കമുള്ള ശിവക്ഷേത്രം നിലനിൽക്കുന്നു. ചെമ്പിന്റെ കോട്ടയാൽ സംരക്ഷണമുണ്ടായിരുന്ന ഈ കോട്ട ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് നശിക്കപ്പെട്ടു എന്നാണ് സങ്കൽപ്പം. കുറുമ്പാലക്കോട്ട മലയിൽ ചുറ്റിലും ഇപ്പോൾ താമസിക്കുന്ന കുടിയേറ്റ ജനത കുറുമ്പാലക്കോട്ടയെ സംരക്ഷിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നു. കുറുമ്പാലക്കോട്ട സെന്റ് യൂഡ്സ് ചർച്ച് ,മലങ്കര സെന്റ് സെബാസ്റ്റ്യൻ ചർച്ച് എന്നീ ആരാധനാലയങ്ങൾ കുറുമ്പാലക്കോട്ട മലയുടെ താഴ്വാരത്തിൽ സ്ഥാപിച്ചവയാണ്.

വിനോദ സഞ്ചാരമേഖലയിൽ കുറുമ്പാലക്കോട്ട അതിന്റെ സ്ഥാനം അടയാളപ്പെടുത്താൻ തുടങ്ങിയിട്ട് ഒന്നു രണ്ടു വർഷമേ ആയിട്ടുള്ളൂ. കുറുമ്പാലക്കോട്ട മലയിലെ വ്യൂപോയിന്റിൽ നിന്നും നോക്കിയാൽ ഒരു വ്യക്തിക്കു അനുഭവപ്പെടുന്ന ആനന്ദാവസ്ഥ വർണ്ണനാതീതമാണ്. താഴെ വെള്ളയരഞ്ഞാണമിട്ടത് പോലെ ഒഴുകുന്ന പുഴ, അകലെ പശ്ചിമഘട്ട മലനിരകൾ ,നെൽവയലുകളും കാപ്പി തോട്ടങ്ങളും കവുങ്ങിൻ തോട്ടങ്ങളും, അങ്ങകലെ കാണുന്ന വനമേഖലയും, ചുറ്റിലും പല ഭാഗങ്ങളിലായി ചെറു പട്ടണങ്ങളുടെ പ്രസരിപ്പും വയനാടിന്റെയും കർണ്ണാടകയുടെയും ചില ഭാഗങ്ങളടങ്ങിയ കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പ്രകൃതി വിസ്മയം ഇവിടെ നിന്നും അനുഭവിക്കുന്നതിന്റെ സുഖം ഒന്നു വേറെ തന്നെയാണ്.കുറുമ്പാലക്കോട്ട ഏറ്റവും ആനന്ദദായകമാകുനത് രാവിലെ 5 മണിമുതൽ 7 മണിവരെയും വൈകുന്നേരം 5 മണിമുതൽ 7 മണിവരെയുമാണ്. മലയുടെ കിഴക്ക് ഭാഗത്ത് നിന്ന് നേർത്ത ആവരണമായി തുടങ്ങുന്ന മഞ്ഞുകണങ്ങൾ ആറ് മണിയോടെ മേനിയോട് കൂടി മലക്ക്ചുറ്റും പഞ്ഞികെട്ടുകൾ കണക്കെ നിറയുന്നു. വ്യൂപോയിന്റിൽ ഈ മഞ്ഞുകണങ്ങൾ ഇല്ലാത്തതിനാൽ ആകാശത്ത് മേഘത്തിന് മീതെ

മനുഷ്യർ നിൽക്കുന്ന അവസ്ഥയിലേക്ക് പ്രകൃതി നമ്മെ എത്തിക്കുന്നു. ഈ സന്തോഷാധിക്യത്തിൽ മുഴുങ്ങിനിൽകുമ്പോൾ അതാ കിഴക്ക് സൂര്യന്റെ ചെറു കണങ്ങൾ മഞ്ഞിനുള്ളിൽ കൂടി പുറത്തേക്ക് എത്തിനോക്കുന്നു. കുറഞ്ഞ സമയം കൊണ്ട് സൂര്യകിരണങ്ങളാൽ പ്രദേശം നിറയുകയും സൂര്യൻ  തൊട്ടടുത്ത് നിൽക്കുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ഇത് കുറുമ്പാലക്കോട്ടയുടെ മാത്രം പ്രത്യേകതയാണ് സൂര്യാസ്തമയവും മറ്റൊരു അവസ്ഥയിലേക്ക് നമ്മെ എത്തിക്കുന്നു. കന്യാകുമാരിയിലെ സൂര്യോദയാസ്തമയ കാഴ്ചകൾ കുറുമ്പാലക്കോട്ട മലയിലെ കാഴ്ചയുടെ അടുത്തെങ്ങും എത്തില്ലയെന്ന് സഞ്ചാരികൾ സാക്ഷ്യപ്പെടുത്തുന്നു. സൂര്യാസ്തമയത്തിനു ശേഷം ആകാശത്ത് വിരിയുന്ന താരക പുഷ്പം പോലെ മലയുടെ ചുറ്റിലും മറ്റൊരു താരക പുഷ്പം വിരിയുന്ന കാഴ്ച എത്ര വർണ്ണിച്ചാലും മതിയാവില്ല. മലയുടെ ചുറ്റുഭാഗവും കാണാമെന്നതാണ് ഈ കാഴ്ചകളുടെ

മാസ്മരികത. അത്കൊണ്ട്തന്നെയാണ് ഒരുപ്രാവശ്യം വന്ന സഞ്ചാരികൾ കൂടെ കൂടെ അവിടെയെത്തുന്നത്.

സഞ്ചാരികൾക്ക് യാത്രാമാർഗ്ഗത്തെ പറ്റി കൃത്യമായ അറിവില്ലായ്മ ചിലപ്പോൾ വഴിതെറ്റാൻ കാരണമാവുന്നു. പ്രധാനമായും മൂന്ന് വഴികളാണ് ഉള്ളത്. വ്യൂപോയിന്റിൽ എത്താൻ ഉപയോഗിക്കുന്നത്. കൽപറ്റയിൽ നിന്നും കമ്പളക്കാട്,പള്ളിക്കുന്ന്, ഏച്ചോം വഴി കമ്പ്രഷൻമുക്ക് എന്ന പ്രദേശത്ത് 17 കി. മീ യാത്ര ചെയ്യും മാനന്തവാടി യിൽ നിന്നും 15 കി.മീ അഞ്ചാംമൈൽ ചേരിയംകൊല്ലി മലങ്കര വഴി കമ്പ്രഷൻമുക്ക് എന്ന പ്രദേശത്ത് എത്തും. ഇവിടെ നിന്നും 2 കി.മീ ദൂരം കയറ്റമാണ് റ്റു വീലർ വാഹനങ്ങൾക്കും യാത്ര ചെയ്യാമെങ്കിലും കാർ പോലുള്ള വാഹനങ്ങൾ സോളിങ് റോഡിലൂടെ യാത്ര ചെയ്യണമെങ്കിലും പരിചയ സമ്പന്നരായ ഡ്രൈവർ ആവശ്യമാണ്. മറ്റൊരു വഴി കൽപറ്റയിൽ നിന്ന് പറളിക്കുന്ന് കാരക്കുന്ന് വഴി കുറുമ്പാലക്കോട്ടയിലുള്ള ഭഗവതി ക്ഷേത്രത്തിൽ വരെ 19 കി മി യാത്ര ചെയ്ത് എത്താം. ഇവിടെ നിന്നും 1.5 കി മി നടന്നു വേണം യാത്ര ചെയ്യാൻ. ട്രക്കിങ് ഉദ്ദേശിച്ചു വരുന്നവർക്ക് ഈ വഴിയാണ് കൂടുതൽ അഭികാമ്യം. മൂന്നാമത്തേത് കള്ളൻതോട് എന്ന പ്രദേശത്ത് നിന്നും ഉള്ള വഴിയാണ്. ഏറ്റവും മുകളിൽ എത്താൻ ഈ വഴിയിലൂടെയും നടത്തം ആവശ്യമാണ്.

സഞ്ചാരികളുടെ ആകർഷണകേന്ദ്രമാവുന്നതോടു കൂടി ആരംഭിക്കുന്ന പരിസ്ഥിതി പ്രശ്നം കുറുമ്പാലക്കോട്ടമലയിലും ഉടലെടുക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, രാത്രി കാലങ്ങളിൽ

ടെന്റ് കെട്ടി താമസിക്കുന്നത് മൂലം പ്രാദേശികവാസികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് എന്നിവ ഓരോ ദിവസവും വർധിക്കുന്നു. പരിസ്ഥിതി സന്തുലനം ഉറപ്പാക്കാനും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും കുറുമ്പാലക്കോട്ടമല സംരക്ഷണ സമിതി എന്ന സംഘടന സ്ഥാപിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സമീപത്തെ സ്കൂളുകളിലെ സ്കൗട്ട് , ഗൈഡ്സ്,എൻ.എസ്.എസ്, കുട്ടികളുടെ സഹായത്തോടെ വ്യൂപോയിന്റ് ക്ലീനിങ്ങ് ഇടയ്ക്കിടക്ക് സംരക്ഷണസമിതി നടത്തുന്നു. സഞ്ചാരികളുടെ ബാഹുല്യം മൂലമുണ്ടാവുന്ന ട്രാഫിക്ക് ബ്ലോക്കുകൾ പരിഹരിക്കാൻ കമ്പളക്കാട് പോലിസിനെ സഹായിച്ച് സംരക്ഷണസമിതി രംഗത്ത് പ്രവർത്തിക്കുന്നു. കുറുമ്പാലക്കോട്ടമല ഒന്നാം തരം വിനോദ സഞ്ചാര കേന്ദ്രമായി മാറണമെങ്കിൽ ഈ കേന്ദ്രം ഡി.റ്റി.പി.സി. (DT.P.C.) ഏറ്റെടുക്കേണ്ടതുണ്ട്. സഞ്ചാരികൾക്ക് ശുചീകരണസൗകര്യം, വിശ്രമകേന്ദ്രം, മാലിന്യ നിർമ്മാർജ്ജനം മുതലായവ ഫലപ്രദമായി നടപ്പാക്കണമെങ്കിൽ ഡി.റ്റി. പി. സി ഈ കേന്ദ്രം ഏറ്റെടുത്താലേ സാധ്യമാകൂ.


വിനോദസഞ്ചാര കേന്ദ്രങ്ങളിൽ തനതായ സ്ഥാനം ഉറപ്പിക്കാൻ സഞ്ചാരികളുടെ പറുദീസയായ ഈ മീഷപ്പുലിമലയ്ക്ക് കഴിയട്ടെ.......

ഷാജു സി എം
സീനിയർ അസിസ്റ്റന്റ്



ചിത്രം

# പ്രകൃതിക്കിണങ്ങിയ ചിത്രം




റിൻഷ ഷെറിൻ

9 F

# Leonine

*"It is easy in the world to live after the worlds opinion:*
*it is easy in solitude to live after our own ;*
*but the great man is he who is the midst of the crowd keeps*
*with perfect sweetness the independence of solitude."*

***R.W. EMERSON***



കവിത

# എന്റെ അമ്മ



കനവിന്റെ പൈതൃകമാണെന്റെയമ്മ
ലോല മനസിന്റെ  താളമാണെന്റയമ്മ
കണ്ണീരുകൊണ്ടൊരു  കൊട്ടാരകെട്ടിലായ്
ബാല്യങ്ങളൊക്കെ തള്ളിനീക്കിയമ്മ
യാമങ്ങൾ പിന്നെയും കഴിഞ്ഞു പോയെങ്കിലും
കൂട്ടിനു യാതന ബാക്കിയേറെ
ബാല്യവും കൗമാരവും യൗവനമൊക്കെയും
ദുഃഖിച്ച വേദനകളൊന്നു വേറെ
മംഗല്യതാലി കഴുത്തിലണിഞ്ഞും
ജീവിത ചില്ലകൾ പൂത്തപോലെ
കുഞ്ഞുങ്ങളായതും അഞ്ച്പേരെങ്കിലും
പിന്നെയോ വിധവയാം കോലം
വഴിയിൽ അനാഥയായി നിൽക്കുമ്പോഴും
പൈതങ്ങൾ വെളിച്ചമേകി
ആർത്തിരമ്പുന്ന മഴയിലും കാറ്റിലും
മാറോടടക്കിതൻ കുഞ്ഞുങ്ങളെ
വളരുന്ന കാലവുംനോക്കി താൻതന്നുടെ
മനമിടിയാത്തൊരു സ്വപ്നമോടെ
കാലങ്ങളെത്രയോ  പോയതറിയാതെ
വളർന്നുപോയി ചാരത്തുപൊൻമണികൾ
ഒടുവിലൊരു പ്രാണ പുത്രന്റെ വേർപാട്
നെഞ്ചകം പൊള്ളിപിടച്ചിട്ടു പിന്നെയും
ഒരു നാളിൽ ഓർമ്മകൾ മാത്രമായിട്ടു
മേഘങ്ങൾക്കിടയിൽ തേജസ്സായി എന്റെ അമ്മ.

വിജയ് കൃഷ്ണൻ
9 B

കവിത

# നുറുങ്ങു കവിതകൾ

## കവിത

മനസ്സിലെ നോവുകൾ തീജ്വാലയായി ഉയർന്ന്
നീരാവിയായി പൊങ്ങുമ്പോഴാണ്
നീ ജനിക്കുന്നത്.

## അമ്മ

പര്യായമില്ലാത്ത വാക്കിന്റെ
പര്യായമാണ് അവൾ.
സമുദ്രത്തിൽ ജ്വലിക്കുന്ന
വിളക്കിന്റെ ജ്വാലയാണവൾ.

## കാലൻ

നീ അവർക്ക് ആശ്വാസമാവുമ്പോഴും
നഷ്ടമാവുമ്പോഴും
അമ്മയ്ക്ക് നീയൊരു ഘാതകൻ തന്നെ.

## സ്നേഹം

നിർജീവമായ ഹൃദയത്തെ
പിഴിഞ്ഞെടുത്ത രക്തത്തുള്ളിയിൽ
നിന്ന്കിട്ടിയ
ജീവന്റെ തുടിപ്പ്.

സാനിയ നസ്റിൻ
10 B

# മഹദ് വചനങ്ങൾ

- വിജയത്തിന്റെ ഫലമാണ് അനുസരണ-റോസ്റ്റി
- മഹത്തത്തിന്റെ വില ഉത്തരവാദിത്തമാണ് -ചർച്ചിൽ
- സമാധാനം ഉള്ളിൽ നിന്ന് ഉണ്ടാവണം - ശ്രീബുദ്ധൻ
- അനീതിയുടെ സേവകനാണ് വഞ്ചന -ബർക്ക്
- അനുസരണ വിജയത്തിന്റെ മാതാവും സുരക്ഷിതത്വത്തിന്റെ പത്നിയുമാണ് - ഗ്രീക്ക് പഴമൊഴി
- അനുസരിക്കുന്നവനേ ആജ്ഞാപിക്കാൻ കഴിയൂ - എമേഴ്സൺ
- യോഗ്യരല്ലാത്ത മക്കളാൽ വീടു മാത്രമല്ല ,നാടും നശിക്കും - കൺഫ്യൂഷ്യസ്
- കോപം വിഡ്ഢിത്തത്തിൽ ആരംഭിക്കുകയും പശ്ചാത്തപത്തിൽ അവസാനിക്കുകയും ചെയ്യുന്നു - പൈതഗോറസ്
- അനുഗ്രഹം കൈവിട്ടുപോകുന്നത് വരെ അതിന്റെ വില നാം അറിയുന്നില്ല – തോമസ് മുള്ളർ
- രണ്ടു ചെവിയും ഒരു നാവും തന്നിരിക്കുന്നത് കുറച്ച് പറയാനും കൂടുതൽ കേൾക്കാനുമാണ്. ഉച്ചരിച്ച വാക്ക് വെള്ളിയും ഉച്ചരിക്കാത്തവ സ്വർണ്ണവുമാണ് - ദസ്തയേവിസ്കി.

- സിനി നസ്റിൻ
-9 സി



ESSAY

# ***HUMOUR***

Humour is totally exclusive to man for no other animal has the faculty and boon of humour. Man is distinguished from all other animal by the faculty of laughter. And laughter is the best medicine. It is a very rewarding and healthy exercise. People possessed with a sense of humour live long, healthy and meaningful life. Such men and women are far better equipped to face the challenges, strains, stresses and worries of the present day world. During periods of extreme stress and strain their sense of laughter and humour works like a wonderful medicine to relieve them of these nerve wrecking phenomena . To laugh and make other laugh is a big charity. Such people are in great demand very popular . But it is not a joke to laugh or smile and see it reflected on the face of others. It is a quality found in rare people. It is an essential element of success as well. For example, Abraham Lincoln possessed it in abundance. There was hardly a better practitioner of humour than Abraham Lincoln. He once said “with the fearful strain upon me night and day, if i did not laugh, i should die”. The healing power of humour is well established. Laughter is both a medicine and a tonic. It is a balm par excellence.

Humour relieves tension, heaviness, monotony and boredom and creates a congenial, light, friendly and jovial atmosphere. In moments of great stress, a moment of humour is like a draught of cool and fragrant breeze during hot summer. Occasional and timely humour refreshes, energises and invigorates us as nothing else can do. Then there is more oxygen intake, more blood circulation relaxation of muscles and the brain. The psychological and medical values besides social value of laughter is immense. Cartoonists, jokers,authors, orators, journalists,poets,comedians etc... are having a very handsome living out of making others laugh. Laughter is much sought after these days when life has become so complex,difficult , mechanical, hurried and materialistic. Jokes, cartoons, stories etc. are selling like hot cakes because they are full of wit and humour and provide precious moments of hearty laughter in away that may be quite simple and innocent and sometimes

caustic. To laugh at others and also at oneself is a great natural gift . Such people are very successful and popular. Their humour makes others lively, relaxed , charitable, tolerant and sociable . The sense of humour helps us to cultivate good social and personal relationships. People enjoy a lot the company of witty and humorous people. They are remembered and sought for their sense of wit, humour and laughter. Humour is the of a comedy successful both on the stage and in the library. The world is much indebted to the great comedians for their humorous and hilarious creations. Similarly cartoon are a great source of fun, amusement, humour and laughter. Many big newspapers with large circulations are so because they contain cartoon, jokes, witty and humorous write-ups, anecdotes,stories and illustration. Cartoon films are immensely popular among youngsters only because of their being so humorous.

Instructions become more effective and lasting when combined with entertainment. Which is why all great and good speakers have been witty and humorous. They often use amusing definitions,witty comments,anecdotes,appropriate short jokes and comic illustrations in between their solemn lectures and talks . They create opportunities to use these valuable means and tools of laughter during their speeches. These are always punctuated with humour. In conversation also these great men habitually make a liberal use of humour as a tool. Humour can be used as a convenient and great tool to cool down heated exchanges and quarrels. It is a very good means to influence people and win favour and friends

*BASIL BIJU*



# DID YOU KNOW?

1) The leg bones of bat are so thin that no bat can walk.

2) Almost half pigs in the world are kept by the farmers in china.

3) Deer has no gall bladders.

4) Bhanu Athaiya is the first Oscar receiver from India.

5) Your mouth produces about one litre of saliva each day.

6) Human teeth are just as strong as shark teeth.

7) You lose about 4kg of skin cells every year.

9) India leads the world with the largest number of films.

10) White tigers are only found among Indian tigers.

11) The first mining of diamonds are done in India.


12) India is the largest gold buyer in the world.

Bharth

9 F

POEM

# OUR SAD BECOME HAPPY



It's a day of dark,
we can cry.
If we might a day,
we can spark everything.

Flowers are dreams,
it glooms in a day.
As if we thought a,
delicate fragrance.

A leaf was lonely,
because it is like
the beauty of our world.
As a good sunlight.

A man who born ,
if it have a wrinkling .
Stars are like dream
it'll give rain to our heart.

A person who become a,
mad he can feel how.
The reaction and if we,
lonely by our society.

If we might I am alone,,
with my parents and.
If we thought our,
friend gave a happy and a sad mood.
Gave good day didn't give up buddy.

We can't think about sad,
sad is worthy reaction,
we should encourage our self.

RISANA FEBIN

കഥ

# മതിൽ

മാജിദ ടി പി

വിദേശത്ത് നിന്ന് വീട്ടിലെത്തിയപ്പോൾ വീട് മുഴുവനും കുയിലുകൾ വളഞ്ഞിരിക്കുകയായിരുന്നു. കാക്കകൾ ചുറ്റും നിന്ന് അലറുകയും പൊടി വാരി എറിയുകയും ചെയ്യുന്നു.പ്രശ്നം ഇത്രയേയുള്ളൂ ; കാക്കകൾ മാത്രം മുട്ടയിടുന്ന മരക്കൂട്ടിൽ കുയിലിനും മുട്ടയിടാമെന്ന് പുലിയപ്പൂപ്പൻ പ്രഖ്യാപിച്ചു.കാരണം ഇരുവരുടെയും തൊലി കറുപ്പാണത്രേ.


എന്നാൽ ഞങ്ങളുടേത് പോലെയുള്ള മനോഹരമായ ശബ്ദമില്ലാത്തതിനാൽ കുയിലുകൾക്ക് പ്രവേശനമില്ലെന്ന് കാക്കകളുടെ ന്യായം. നിലാവില്ലാത്ത രാത്രിയിൽ കുയിൽ സ്നേഹികളായ രണ്ട് കാക്കകൾ ചേർന്ന് കുയിലിനെ ചിറകിലേറ്റി മരക്കൂട്ടിലെത്തിച്ചു. കുയിൽ വളരെ സാവധാനം മുട്ടയിട്ട് തന്റെ കഴിവിനെ മനോഹരമായ ശബ്ദത്തിൽ പാടി ലോകത്തെയറിയിച്ച ശേഷം ഒളിവിൽ പോയി.

പിറ്റേ ദിവസം കുയിലിനെ മുട്ടയിടാൻ സഹായിച്ച കാക്കകൾ പിറകിൽ 'കുയിൽകോന്തൻ' എന്ന സ്റ്റിക്കർ പതിച്ചതിനു ശേഷം കാക്ക സമൂഹം അവരെ ബഹിഷ്കരിച്ചു. കാക്കക്കൂട്ടിൽ 'ശുദ്ധീകരണകർമ്മം' നടത്തിയതിനു ശേഷം കാക്കകൾ വീണ്ടും കൂട്ടിൽ കയറി . കാക്കകളുടെ മുഖ്യ നേതാവ് ശുദ്ധീകരണത്തിനു ശേഷം കുയിലുകൾക്കെതിരെ സമരം ആഹ്വാനം ചെയ്ത് വീട്ടിൽ പോയി കുയിലായ തന്റെ ഭാര്യക്കൊപ്പം സുഖമായുറങ്ങി. കാടാകെ കുയിലിനെതിരായുള്ള സമരത്തിൽ കൊടിമ്പിരി കൊണ്ടു.

കുയിലിന്റെ ഉന്നമനത്തിനായുള്ള കുയിൽ വികസന പദ്ധതിയിലെ പണമുപയോഗിച്ച് കുയിലുകൾ ചേർന്ന് ഒരു 'കുയിൽമതിൽ' ഒരുക്കി.കുയിലുകൾക്ക് മുട്ടയിടാൻ മറ്റൊരു കൂടുണ്ടാക്കിത്തരാമെന്ന കാക്കകളുടെ ഏകാഭിപ്രായത്തെയും കുയിലുകൾ നിഷേധിച്ചുതള്ളി. കാക്കയും കുയിലും എന്ന വേർതിരിവില്ലാത്ത ഒരു കാടാണ് നമുക്ക് വേണ്ടതെന്ന് സിംഹരാജാവ് വ്യക്തമാക്കി. അക്രമാസക്തമായ കാടിനെ സൃഷ്ടിക്കാനാണ് ഇങ്ങനെ നിയമം കൊണ്ടുവന്നതെന്ന് കുറുക്ക നേതാവ് ആരോപിച്ചു.എന്തായാലും എല്ലാ കാക്കക്കുട്ടികളും എല്ലാ കുയിൽ കുട്ടികളും ഇന്ന് വളരെയധികം സന്തോഷത്തിലാണ്. കാരണം കുയിലും കാക്കയും പഠിക്കുന്ന എല്ലാ സ്കൂളുകൾക്കും ഇന്ന് അവധിയാണ്. 'ഒരു അപ്രതീക്ഷിത അവധി'.

shutterstock.com • 393351334

പുസ്തക പരിചയം



# ആലാഹയുടെ പെണ്മക്കൾ- സാറാ ജോസഫ്

കറന്റ് ബുക്സ് പ്രസിദ്ധീകരണം

നോവൽ
90 രൂപ വില

കറന്റ് ബുക്സ് തൃശ്ശൂർ പ്രസിദ്ധീകരിച്ച തൊണ്ണൂറ് രൂപ വിലയുള്ള ആലാഹയുടെ പെണ്മക്കൾ എന്ന കൃതി പ്രശസ്ത എഴുത്തുകാരി സാറാജോസഫ് രചിച്ചതാണ്. നാഗരികതയുടെ നിന്ദ്യവേഗങ്ങളിലമർന്ന പോയ ഒരു ജനതയുടെ സ്ഥലവേരുകളും ഭാഷയും വീണ്ടെടുക്കുകയാണ് ഈ നോവലിൽ. ഒരുച്ചാടനത്തിന്റെ ഭാഷയും ശക്തിയുമുള്ള ആലാഹയുടെ നമസ്കാരം കൃസ്തീയ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ഈ നോവലിൽ ആവിഷ്കരിക്കുന്നു. കീഴാള ജനവിഭാഗത്തിന്റെ പ്രതിരോധത്തിന്റെ ഒരു ഗൂഢമന്ത്രമായിത്തീർന്ന പ്രാർത്ഥനാ നമസ്കാരം ആലാഹയുടെ പെണ്മക്കൾ വീണ്ടും ചൊല്ലുന്നു.
നിന്ദിക്കപ്പെട്ട നാട്ടിലെ വിദ്യാർത്ഥിയായ കാരണത്താൽ വിദ്യാലയങ്ങളിൽ നിന്ന് നേരിട്ട നൊമ്പരങ്ങൾ ആനി എന്ന കഥാപാത്രത്തിലൂടെയും, തന്റെ സംസ്കാരത്തെയും ആലാഹയുടെ നമസ്കാരത്തെയും മുറുകെ പിടിച്ചു ജീവിക്കുന്ന ആനിയുടെ അമ്മാമ്മ കൊക്കാഞ്ചിറ മറിയത്തിലൂടെയും ക്ഷയരോഗം തിന്നുതീർക്കുന്ന ശരീരത്തെ നവോത്ഥാന ആശയങ്ങൾക്കൊണ്ട് നിറച്ച് ജീവിതത്തിന്റെ വെളിച്ചം കെടാതെ സൂക്ഷിക്കുന്ന കുട്ടിപ്പാപ്പനിലൂടെയും കടന്ന് പോവുന്ന ഈ കഥ വായനക്കാർക്ക് പുതിയ അനുഭവമാവുന്നു.
മലയാളത്തിൽ അത്യപൂർവ്വമെന്ന് വിശേഷിപ്പിക്കാവുന്ന മാന്ത്രിക ശക്തിയുള്ള ഭാഷയും സ്വരവും കാഴ്ചകളും നവീനമായൊരു ഇന്ദ്രിയാനുഭൂതി നൽകുന്നു.

നിഖിൽ ജോസഫ്
9F

# Important International days

| | |
|---|---|
| March 8 | International woman's day |
| March 22 | World day for water |
| March 23 | World Meteorological day |
| April 7 | World health day |
| April 18 | World heritage day |
| April 22 | Earth day |
| May 1 | International Labour day |
| May 3 | Press freedom day |
| May 8 | World red cross day |
| June 5 | Environment day |
| July 11 | World population day |
| August 6 | Hiroshima day |
| August 9 | Nagasaki day |
| September 2 | World coconut day |
| September 8 | World literacy day |
| September 14 | Hindi day |
| September 15 | Engineers day |
| September 16 | World ozone day |
| September18 | World bamboo day |
| September 27 | World tourism day |
| October 1 | International day for the Elderly |
| October 16 | World food day |
| October 24 | UN day |
| December 1 | World AIDS day |
| December 10 | Human right day |

-Mishal Muhammad

കവിത

# ദുഃഖമാം കണ്ണുനീർ



അറിയാതെ എൻ കൺ
മിഴികൾ നിറഞ്ഞു.
ദുഃഖം കൺനിറയായ്
എൻ നിഴലിൽ ആരോ
പതിയെ ചമഞ്ഞു.

കൺ കുളിർക്കെ എൻ
തലയിൽ തലോടി
അറിയാതെ വന്ന
കണ്ണീരുകൾ ദുഃഖിതനാക്കി
ഇനി കരയാതെ വയ്യ
ഇനി കരയാതെ വയ്യ.

എൻ കാലടിയിൽ
കടൽ ഒഴുകി മറഞ്ഞു
ദുഃഖം ദുഃഖം
ദുഃഖമൊരു കടലായ്
ഇനി കരയാതെ വയ്യ
ഇനി കരയാതെ വയ്യ.

Jasna k
9 A

ESSAY

# FLOOD



India is a vast country with its territories extending 3,214km between the extremes of the north and the south, and 2,933 km. Between the extremes of the east and west. There is huge network of big rivers with their innumerable tributaries. During the monsoon months of July to September there are heavy rains in the plains of Ganga , Yamuna and Brahmaputra rivers and on the heights of the Himalaya mountain in the north. In the south also sometimes there are very heavy rains. Consequently, there are floods in the states of Uttarpradesh, Bihar, Assam , West Bengal , Andhrapra desh, etc. Then the rivers begin to overflow inundating their banks and neighbouring regions.


Like droughts and earthquakes, floods are great natural calamity and disaster and create destruction and havoc on a huge scale. The damage caused by floods to life to life and property amounts to millions and millions of rupees

every year. Even so much advancement in science and technology has not been able to check the ravages of floods in India and in other countries of the world. Their recurrence is an annual feature in such states as Arunachal pradesh, Assam, Bihar, etc. . They inundate vast areas of stranding paddy crops. Millions of people are affected as they are driven off from their homes, field and workplaces, and vast scale. During floods the life comes to a grinding halt . There are misery, suffering, deaths and heavy losses during floods . Flood are often followed by starvation and epidemics . The floods often change the course of the rivers and thus submerge much valuable agricultural, residential and pasture land. During the floods the very life- giving rivers turn into harbingers of death and destruction. The southern rivers are comparatively less prone to floods, but they too are often in spate and cause extensive damage and destruction.

Flood are caused because of many reasons. They are caused not only by heavy rains and melting of the snow on the mountains but also because of indiscriminate destruction of trees and forest cover. Deforestation results in soil- erosion, landslides and there is no absorption of water into the soil and the earth.

When the floods are sudden and least expected, the destruction is still greater for then the people and the administration are caught unaware. When they are expected, precautionary measures can be taken to save men, animal and property. Sometimes flood can be taken advantage of to some extent when expected. Floods enrich the soil and help in moving timber from heights to plains. The magnitude and frequency of floods and the destruction caused by them can be checked and lessened by careful planning , analysis of data, flood – prediction afforestation and construction of a chain chain of small dams and irrigation canals.

BASIL BIJU



കഥ

# പുഴ പോലെ

അതെ പുഴ ഒരു പ്രതീകമാണ് ,പലതിന്റെയും പലരുടെയും.അത് ഒരിക്കലും നിലക്കുന്നില്ല.ആ മാറ്റത്തിലാണ് പുഴ പുഴയാവുന്നത്. സമയത്തെ പോലെ , നിലച്ചാൽ അതില്ലാതാകും.അതിനാൽ അതിന് മാതൃത്വത്തിന്റെ സ്പർശമുണ്ട്. നിലയ്ക്കാത്ത അനുഗ്രഹത്തിന്റെ സ്പർശം. അതിനാൽ തന്നെ അത് ശിക്ഷിക്കുവാനും മടിക്കുകയില്ല.

മോർച്ചറിക്കു മുൻപിൽ ഇരിക്കുന്ന നാണു അമ്മയുടെ കണ്ണുനീരിൽ നോക്കി നിസ്സഹായയായ നേഴ്സ് മേഴ്സി ഇതെല്ലാം വായിക്കുന്നുണ്ട്. എന്തു ചെയ്യാനാകും? എന്തും ചെയ്യാം, എന്നാൽ അർത്ഥവത്തായ എന്തു ചെയ്യാം?.നാണു അമ്മ സ്ഥിരം വരുന്ന ആശുപത്രി തന്നെയാണത്. എന്നാൽ അത് തനിക്കുവേണ്ടി തന്നെയായിരുന്നു. എന്നാൽ ഇതിപ്പോൾ മറ്റൊരാളെ ചൊല്ലി. അന്നവർക്ക് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ ഇന്നോ? കെട്ടിയവൻ കേളപ്പൻ പണ്ടേ മരിച്ചതാണ്. എത്രയോ വർഷങ്ങൾക്കു മുൻപ്. അയാളെ പറ്റി ചോദിച്ചാൽ നാണു അമ്മ പറയും: “അങ്ങേര് കുടിക്കും, വലിക്കും എന്തു ചെയ്യാനാണ് , ചെയ്യാതന്നെ എന്താവാനാണ് ". രണ്ടു മക്കളെ ഒറ്റക്കു വളർത്തിയവരാണ് നാണു അമ്മ.വല്ലാത്തൊരു സ്ത്രീയാണ് . പക്ഷെ രണ്ടാണ്മക്കൾ ഇവരോട് എന്തു ചെയ്തു എന്നു ചോദിച്ചാൽ എന്തു പറയും? മേഴ്സി സിസ്റ്റർ ഓർത്തു തന്റെ വീട്ടിൽ വീട്ടുപണികൾക്ക് സഹായിക്കാൻ വന്നപ്പോൾ നാണു അമ്മ പറഞ്ഞത് "ഓര് നല്ലോരാ, രാജൂം രതീശനും, രാജൂന് പന്തിരണ്ടാ ,ഓനെല്ലാ പണിയും ചെയ്യും. രതീശൻ.... ഒന്നു നിർത്തിയിട്ട്

തുടർന്നു "കൊഴപ്പല്ല്യ". കുഴപ്പമുണ്ടായിരുന്നു . വയസ്സിന് മൂത്തതായിരുന്നുവെങ്കിലും അടിമുടി മര്യാദകെട്ടവൻ . എന്തിനേയും അവന്റെ ധിക്കാരത്തോടെയേ കാണൂ. രാജുവിന്റെ നിഷ്കളങ്കത അവന്റെ കുടുംബ സാഹചര്യത്തെ മറച്ചുപിടിക്കുന്നതായിരുന്നു. പതിനഞ്ചാം വയസ്സിൽ അമ്മ വഴക്ക് പറഞ്ഞതിന് അവൻ...... അവൻ തകർന്നു പോയിരുന്നു. ജീവിതം അവസാനിപ്പിച്ചു. രണ്ട് മരണം ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്നിട്ടും രതീശനല്ലാതാരും ഇല്ലാതിരുന്നിട്ടും നാണു അമ്മ തളർന്നില്ല. നമുക്കു ചെയ്യാൻ ഇനിയും ഉള്ളിടത്തോളം എന്തിനു തകരണം. അവർ ജീവിച്ചത് രതീശനു വേണ്ടിയായിരുന്നു. ജ്വലിക്കുന്ന അഗ്നിയായി തന്റെ നാൽപ്പതുകളിൽ. എന്നാൽ പതിനെട്ടു കഴിഞ്ഞ രതീശൻ മടക്കിയത് അമ്മയ്ക്കു ദുഖം മാത്രം. തന്റെ പഠനത്തിനായും മറ്റും അമ്മ പണിപ്പെട്ടത് കാണാനല്ല,പലതിനേയും കീഴ്പെടുത്തി നശിപ്പിക്കാനാണ് തനിക്ക് മനസ്സ് എന്നതായിരുന്നു.

അശ്വിൻ ജോസഫ്
10 B



ESSAY

# How to study?

Dear friends ,a warm good morning to all.

In this fine morning,I would like to share a few points on learning or studying. Anyone can learn anything?But there are some necessary prerequisites needed for that the primary thing is that of the mental ability .Only a person with a high 'intelligent Quotient 'or 'I. Q' can comprehend the complex matters. Concentration,viewpoints and aptitude come only after that. Anyway the course that we select for studying must suit to our I. Q and aptitude.

Thoughts are flowing constantly through our mind. We can't spent time without thinking. No blank space can be there in our mental realm .Even at that time of sleep,our subconscious mind,works. So the primary thing after 'the I. Q' is concentration. ' Read,recollect,review,'if method is the most trustworthy method for studying. Learning can be possible only if have an aptitude to learn the prescribed portion .if we have a positive approach towards education and studying, we will learn more. Unfortunately,in this world of materialism and stiff competition, we fail to select a course suitable to our aptitude.

Still,we can do one thing. If we can't get the course we like, just like the course we have already been admitted. I am sure,that attitude will help us to complete the course successfully.

Next,studying is a kind of meditation or contemplation. There,we should have a perfect control over our senses. We need a quite silent time for thinking and recollecting . Writing is very important for studying. Writing will give us a confidence that we have already learned the portion. Again,no daydreaming is possible while writing. So frequent writing not only helps us to become a writer,but it will also help us to succeed in our life. Thank-you.

Raheema A H
9 E



# ഓണച്ചൊല്ലുകൾ

അത്തം പത്തിന് പൊന്നോണം.

- അത്തം വെളുത്താൽ ഓണം കറുക്കും.
- അത്തപ്പത്തോണം വന്നടുത്തെടോ നായരേ,ചോതി പുഴുങ്ങാനും നെല്ല് തായോ.
- ഉണ്ടെങ്കിലോണം പോലെ അല്ലെങ്കിലേകാദശി.
- ഉത്രാടമുച്ച കഴിഞ്ഞാൽ അച്ചിമാർക്കൊക്കെയും വെപ്രാളം.
- ഉള്ളതുകൊണ്ട് ഓണം പോലെ.
- ഒന്നാമോണം നല്ലോണം, രണ്ടാമോണം കണ്ടോണം,

  മൂന്നാമോണം മുക്കീം മൂളിം, നാലാമോണം നക്കീം തുടച്ചും,

  അഞ്ചാമോണം പിഞ്ചോണം, ആറാമോണം അരിവാളും വള്ളിയും.
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.
- ഓണത്തപ്പാ കുടവയറാ എന്ന് തീരും തിരുവോണം.
- ഓണത്തിനടയ്ക്കാണോ പുട്ടു കച്ചോടം?
- ഓണത്തിനല്ലയൊ ഓണപ്പുടവ.
- ഓണമുണ്ട വയറേ ചൂള പാടുകയുള്ളൂ.
- കാണം വിറ്റും ഓണമുണ്ണണം.
- തിരുവോണം തിരുതകൃതി.
- തിരുവോണത്തിനില്ലാത്തത് തിരുവാതിരയ്ക്ക്.
- ഓണം പോലെയാണോ തിരുവാതിര?
- ഓണം മുഴക്കോലുപോലെ.
- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന്ന് കുമ്പിളിൽ തന്നെ കഞ്ഞി.
- ഓണം വരാനൊരു മൂലം വേണം.

സയന 8 f

# ബഹിരാകാശ ക്വിസ്സ്

1.എന്താണ് ഭുവൻ ?

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ ജിയോ പോർട്ടലാണ് ഭ്രുവൻ . ഗൂഗിൾ എർത്ത വിക്കി മാപ്പിയ എന്നിവയോട് സമാനമായ ഇതിൽ ഇന്ത്യയുടെ ചിത്രങ്ങളാണ് ലഭ്യമാകുക.

2.സെർച്ച് എഞ്ചിനുകൾക്ക് ഉദാഹരണമെഴുതുക?

ഗൂഗിൾ , യാഹൂ , എം.എസ്.എൻ , ആൾട്ടാവിസ്റ്റ

3.വെബ്ബ് ബ്രൌസറുകൾക്ക് ഉദാഹരണമെഴുതുക?

ഇന്റർനെറ്റ് എക്സ്പ്ലോറർ , മോസില ഫയർഫോക്സ് , ഒപ്പേറ

4.മൗസ് പൊട്ടേറ്റോ എന്ന് കളിയാക്കി വിളിക്കുന്നത് ആരെ ?

കമ്പ്യൂട്ടറിനു മുന്നിൽ സദാസമയവും ചിലവഴിക്കുന്നവരെ

5.സ്റ്റോം വേം എന്താണ് ?

2007 ൽ പുറത്തുവന്ന ഒരു കമ്പ്യൂട്ടർ വൈറസ്

6.ബ്ലാക്ക് കോമ്പ് എന്ന് ആദ്യം പേരിട്ട മൈക്രോ സൊഫ്റ്റിന്റെ പ്രശസ്ത ഉല്പന്നം ?

വിൻഡോസ് 7

ശിൽപ എം എ


ZEPHYR
Was not writing poetry a secret transaction,a voice answering a voice
VIRGINA WOLF

# സൗരയൂഥം

1 ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രം

സൂര്യൻ

**2** ഭൂമിയോട് ഏറ്റവും അടുത്ത ഗ്രഹം**?**

ശുക്രൻ

**3** സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹം**?**

വ്യാഴം

**4** ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുന്നതിനു പറയുന്ന പേര് **?**

ചന്ദ്രഗ്രഹണം

**5** ആദ്യമായി ചന്ദ്രനിൽ കാല് കുത്തിയ ആൾ ആര്**?**

നീൽ ആം സ്ട്രോങ്ങ്

6 ചന്ദ്രനെക്കുറിച്ചുള്ള പഠനത്തിനു പറയുന്ന പേര്?

സെലനൊലജി

7 ചന്ദ്രനിൽ ആകാശത്തിന്റെ നിറം എന്ത്?

കറുപ്പ്

8 ഒരു മാസത്തിനിടെ ഉണ്ടാകുന്ന രണ്ടാമത്തെ പൂർണ ചന്ദ്രനു പറയുന്ന പേര്?

നീല ചന്ദ്രൻ

9 ഉപഗ്രഹങ്ങൾക്കിടയിൽ വലുപ്പത്തിൽ ചന്ദ്രന്റെ സ്ഥാനം എത്രയാണ്?

അഞ്ചാം സ്ഥാനം

**10 മനുഷ്യൻ ചന്ദ്രനിൽ ആദ്യമായി ഇറങ്ങിയ സ്ഥലം അറിയപ്പെടുന്നത് ഏത് പേരിലാണ്?**
പ്രശാന്ത സാഗരം

**11 ഐ .എസ്. ആർ.ഒ. -യുടെ ആസ്ഥാനം എവിടെയാണ്?**
ബാംഗ്ലൂര് (അന്തരീക്ഷഭവൻ)

**12 ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ  കൃത്രിമ ഉപഗ്രഹം?**
ആര്യഭട

**13 ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് ആര്?**
വിക്രം സാരാഭായ്

**14 ഇന്ത്യയുടെ ആദ്യത്തെ വാർത്താവിനിമയ ഉപഗ്രഹം ഏത്?**
ആപ്പിൾ

**15 കാലാവസ്ഥ പഠനത്തിനു ഇന്ത്യ  വിക്ഷേപിച്ച കൃത്രിമോപഗ്രഹം ഏത്?**
കല്പന 1

**16 വ്യാഴവട്ടം എന്ന് പറയുന്നത് എത്ര ഭൗമവർഷം ആണ്?**

പന്ത്രണ്ട്

**17 നീല ഗ്രഹം എന്ന പേരിൽ അറിയപ്പെടുന്ന ഗ്രഹം?**
ഭൂമി

**18 ഇന്ത്യയുടെ ബഹിരാകാശ തുറമുഖം?**
ശ്രീഹരിക്കോട്ട

**ഹർഷ ഫെമിൻ**

# ജന്മദിന സമ്മാനം

"അയ്യേ നെവിൽ, നിന്റെ അമ്മയ്ക്ക് നിന്നെ കാണുകയൊന്നും വേണ്ടാ,നീ വെറുതെ പറയുന്നാ, നിനക്ക് അമ്മയൊന്നുമില്ല. ഇവിടെ ഓർഫനേജിലാണ് നീ . അതാ നിന്നെ ആരും കാണാൻ വരാത്തത്."

ഒന്നും പറയാനാവാതെ, പ്രതികരിക്കാനാവാതെ മനോഹരമായ നീലക്കണ്ണുകളുള്ള കറുത്ത മുടിക്കാരാൻ നെവിൽ തിരിഞ്ഞുനടന്നു.തന്റെ കണ്ണിൽ നിന്നും ഉതിർന്നു വീഴുന്ന കണ്ണീർ തുള്ളികളെ അവൻ ശ്രദ്ധിച്ചതേയില്ല. ഒന്നു തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ സ്കൂൾ വരാന്തയിൽ നിന്ന് ഓർഫനേജിലേക്ക് അവൻ നടന്നു. തന്റെ കാലടിയൊച്ചകൾ പതിവില്ലാതെ ശബ്ദിക്കുന്നത് തന്നെ പരിഹസിച്ച ചിരിക്കുന്നതായി അവന് തോന്നി. തന്റെ ഹൃദയത്തിൽ തുടിക്കുന്ന രക്തത്തിന്റെ ഉറവിടം അറിയാനായി ഓർഫനേജിൽ അവനെ പരിചരിക്കുന്ന സിസ്റ്റർ ആനിയുടെ വീട്ടിലേക്ക് അവൻ കുതിച്ചുകയറി. അവൻ ശബ്ദമുയർത്തിക്കൊണ്ട് ചോദിച്ച "സിസ്റ്റർ, ഞാനിവിടെ എങ്ങനെയാണ് വന്നത് ?എനിക്കാരുമില്ലേ,? എന്നെയാരാണ് ഇവിടെ ഉപേക്ഷിച്ച പോയത്?". നവിലിന്റെ മുഖത്തേക്ക് ഉറ്റു നോക്കിക്കൊണ്ട് പല തവണയായി അവനോട് പറയാതെ മറച്ചുവച്ച അവന്റെ ജീവിത രഹസ്യത്തിന്റെ കെട്ടഴിക്കാനായി സിസ്റ്റർ ആനി തീരുമാനിച്ചു.

"അതെ നെവിൽ ഞാൻ പറയാം, നീ ജനിച്ചത് ന്യൂഡൽഹിയിലെ ലോങ്ബോട്ടം കുടുംബത്തിലാണ്. നിനക്ക് അച്ഛനും അമ്മയും ഉണ്ട്. അച്ഛൻ ടെക്നീഷ്യൻ, അമ്മ സോഫ്റ്റ്വെയർ എഞ്ചിനീയർ. ഓർക്കാപ്പുറത്തായിരുന്നു നിന്റെ ജനനം . ജോലിതിരക്ക് കാരണം അവർക്ക് നിന്നെ ഒരിക്കലും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. നിന്റെ കാര്യത്തിൽ അവർക്ക് മുമ്പിൽ മറ്റ് വഴികളില്ലായിരുന്നു. അങ്ങനെയാണ് നെവിൽ നിന്നെ ഞങ്ങൾക്ക് കിട്ടിയത്. നിന്റെ ഓരോ ജന്മദിനത്തിലും നിനക്ക് ഞാൻ തരുന്ന ഓരോ സമ്മാനവും നിന്റെ അച്ഛനും അമ്മയും നിനക്ക് തരാനായി എന്നെ ഏൽപ്പിച്ചതാണ് നെവിൽ". ഇത്രയും കേട്ടപ്പോഴേക്കും നെവിലിന്റെ തല താഴ്ന്നുപോയിരുന്നു. ഹൃദയത്തിൽ ഒരു വലിയ ഭാരം കയറ്റിയ വിഷമത്താൽ ഒന്നും പറയാനാവാതെ അവൻ തിരിഞ്ഞുനടന്നു. സിസ്റ്റർ പുറകിൽ നിന്നു വിളിച്ച പറഞ്ഞു "പക്ഷെ നെവിൽ നാളെ നിന്റെ പിറന്നാളാണ്, ഒരു സമ്മാനവും നിനക്കായിട്ട് ഇതുവരെ ഇവിടെയെത്തിയിട്ടില്ല." കണ്ണിൽ അലയടിക്കുന്ന സങ്കടക്കടലും ഹൃദയത്തിൽ ആളിക്കത്തുന്ന തീജ്വാലകളെയും അതിജീവിക്കാനുള്ള കരുത്ത്

അവനിലുണ്ടായിരുന്നല്ല.അവന്റെ മനസ്സിൽ എന്തൊക്കെയോ വിങ്ങിപൊട്ടുന്നതായി അവന്ന് തോന്നി.തന്റെ റൂമിൽ തനിക്ക് ലഭിച്ച ഓരോ ജന്മദിന സമ്മാനങ്ങളും അവന്റെ മനസ്സിനെ ഈറനണിയിച്ചു.


അതെ, ഇന്നവന്റെ പിറന്നാളാണ്. അവൻ ഇതുവരെ കാണാൻ കൊതിച്ച അച്ചനെയും അമ്മയെയും കാണാനായി അവൻ കാത്തിരുന്നു. ഓരോ പ്രാവശ്യവും അവൻ സിസ്റ്റർ ആനിയോട് "അവർ വന്നോ " എന്ന് ചോദിച്ചുകൊണ്ടേയിരുന്നു. ദീർഘനേരത്തെ കാത്തിരിപ്പിന്നു ശേഷം സിസ്റ്റർ ആനി അവന്റെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു "നെവിൽ നീ ഇന്ന് സ്കൂളിൽ പോയ്ക്കോ, നിന്നെ കാണാൻ അവർ വരുമെന്ന് തോന്നുന്നില്ല , അവർ നിന്നെ എന്തായാലും മറന്നു കാണില്ല." കണ്ണീർ തുടച്ച് കൊണ്ടവൻ എഴുന്നേറ്റു നടന്നു. പിന്നെയുള്ള അവന്റെ ഓരോ ജന്മദിനത്തിനും കണ്ണുനീരിന്റെ നനവുണ്ടായിരുന്നു. രാവിലെ മുതൽ അവൻ അവന്റെ അച്ചനെയും അമ്മയെയും കാത്തിരിക്കും, എന്നാൽ കാത്തിരിപ്പിനുപരിയായി ഒന്നും സംഭവിക്കുമായിരുന്നില്ല.

അങ്ങനെ കാലങ്ങൾ കടന്നുപോയി. നെവിലിന് അമ്മയെവിടെയാണെന്നോ എങ്ങെനെയാണോ എന്നൊന്നും അറിഞ്ഞിരുന്നില്ലെങ്കിൽ പോലും അവൻ അമ്മയുടെ പാത പിന്തുടരുമെന്ന് പ്രതിജ്ഞയെടുത്തു. അവന്റെ സോഫ്റ്റ്വെയർ എഞ്ചിനീയർ പരീക്ഷയെഴുതി. ഇന്ന് റിസൾട്ട് വരുന്ന ദിനമായിരുന്നു. ശക്തിയേറിയ നെഞ്ചിടിപ്പോടെ അവൻ റിസൾട്ട് നോക്കാനായി ഓടിയെത്തി. എന്നാൽ അതിനു മുൻപ് തന്നെ സുഹൃത്തുക്കൾ അവനെ പൊക്കിയെടുത്തു. ദേശീയതലത്തിൽ ഒന്നാം റാങ്ക്. സന്തോഷം പങ്കിടുന്നതിനു മുൻപ് തന്നെ ഒരു ഫോൺകോൾ, മറുപുറത്ത് നിന്ന് ഒരു സ്ത്രീ ശബ്ദം: "Congratulation Nevil, Really we are very much happy to inform that you have got first rank in your Software Engineering Exam. You are requested to attend in the award distributing function held at New Delhi on Monday".( "അഭിനന്ദനങ്ങൾ നെവിൽ, സോഫ്റ്റവെയർ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ ഒന്നാം റാങ്ക് ലഭിച്ചത് സന്തോഷപൂർവ്വം അറിയിക്കുന്നു.പുരസ്കാരം ഏറ്റുവാങ്ങാനായി തിങ്കളാഴ്ച്ച രാവിലെ ന്യൂഡൽഹിയിൽ എത്തിച്ചേരണമെന്ന അറിയിച്ചുകൊള്ളുന്നു".) പിന്നീടുള്ള നിമിഷങ്ങൾ സന്തോഷവും ആഹ്ലാദവും അലതല്ലുന്നതായിരുന്നു. അപ്പോഴാണ് ഒരു കാര്യം അവന്റെ മനസ്സിൽ ഓടിയെത്തിയത്. തന്റെ അച്ചനും അമ്മയും ന്യൂഡൽഹിയിലാണ് . ഒരു പക്ഷെ അവർ അവിടെയുണ്ടെങ്കിലോ? .അവൻ സിസ്റ്റർ ആനിയോട് കൂടെ ന്യൂഡൽഹിയിലേക്ക്

പറന്നു.

പുരസ്കാര ദാന ചടങ്ങിൽ പ്രത്യേക അതിഥിയായി എത്തിയിരുന്നത് സോഫ്റ്റ്‌വെയർ എഞ്ചിനീയറിങ്ങിന്റെ തലപ്പത്തിരിക്കുന്ന പ്രൊഫസർമാരായ അയറിനും ഭർത്താവ് ജെയിംസുമായിരുന്നു. സമ്മാനദാനത്തിനായി അവർ ഇരുവരെയും പിന്നീട് നെവിലിനെയും സ്റ്റേജിലേക്ക് ക്ഷണിച്ചു. അവന്ന് ഇതുവരെ ലഭിച്ചതിനേക്കാൾ വളരെയധികം വലുതും മൂല്യമുള്ളതുമായ സമ്മാനമായിരുന്നു അവന്ന് ലഭിച്ചത്. ആ സമ്മാനവുമായി അവൻ സിസ്റ്റർ ആനിയുടെ അടുക്കലേക്ക് പോയി. ആനിയുടെ നെറ്റിയിൽ ഒരു മുത്തം കൊടുത്ത് സന്തോഷാധിക്യത്തിൽ മുഴുകി.എന്നാൽ ജെയിംസിന്റെയും അയറിന്റെയും മുഖത്ത് ദുഃഖം തളംകെട്ടി നിൽക്കുകയായിരുന്നു. തന്നെ സ്നേഹിക്കാനുള്ള മകൻ തന്റേതായ കാരണത്താൽ മറ്റൊരാളുടെതായി മാറുന്ന കാഴ്ച അവർക്ക് കണ്ടുനിൽക്കാനായില്ല. ഇത് മനസ്സിലാക്കിയ അനൗൺസർ മൈക്ക് ഒന്നുകൂടെ ചലിപ്പിച്ചു.

"നെവിൽ നിന്റെ പ്രധാനപ്പെട്ട സമ്മാനത്തിന് നീ അർഹനായിരിക്കുകയാണ്". സിസ്റ്റർ ആനിയുടെ തോളിൽ കൈയിട്ടിരിക്കുകയായിരുന്ന നെവിൽ ഇത് കേട്ടപ്പോൾ അമ്പരപ്പോടെ നോക്കിനിന്നു. സ്റ്റേജിലേക്ക് ക്ഷണിക്കപ്പെട്ട അവൻ കയറിച്ചെന്നപ്പോൾ പ്രൊഫസർ അയറിൻ ഓടിവന്ന് കെട്ടിപ്പിടിച്ചു. അനൗൺസർ വിളിച്ചുപറഞ്ഞു: "Nevil Professor James and Professor Irin are your parents".("നെവിൽ പ്രൊഫസർ ജെയിംസും പ്രൊഫസർ അയറിനും നിന്റെ മാതാപിതാക്കളാണ്".) ആഹ്ലാദത്തിൽ മുഴുകിയ അയറിൻ നെവിലിനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. നെവിലിന് ഇതുവരെ ലഭിച്ചതിനേക്കാളും ഇനി ലഭിക്കുന്നതിനേക്കാളും ഏറ്റവും വലിയ സമ്മാനമായിരുന്നു



അത്.ഒരു കുട്ടിക്ക് മാതാപിതാക്കളെ കണ്ടുമുട്ടുമ്പോഴുണ്ടാവുന്ന സന്തോഷത്തെ ഇതുവരെ അനുഭവിക്കാൻ ദൈവം അനുവദിക്കാത്ത സിസ്റ്റർ ആനിയുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു. അനൗൺസറിന്റെ കയ്യിൽ നിന്നും മൈക്ക് വാങ്ങി ജെയിംസ് പ്രഖ്യാപിച്ചു. "Today is your Birthday Nevil" ("ഇന്ന് നിന്റെ ജന്മദിനമാണ് നെവിൽ") ആഹ്ലാദം അലതല്ലുന്ന നെവിൽ ഉറക്കെ പറഞ്ഞു: "This is my greatest Birthday present Dad" ("ഇതാണെന്റെ ഏറ്റവും വലിയ ജന്മദിന സമ്മാനം").

Jumana fathima
**10 b**

# AN IDEAL STUDENT

Real education means overall development of the personality of the student. Therefore, an ideal student is the person who takes interest in all activities of his educational institution . He is good not only at studies, but also at games and other activities outside the classroom. He does nothing, which may bring disgrace to him, his parents, his school or his nation. He tries his best to become an ideal citizen. An ideal student is diligent. He always tries to excel other in his class. He sets an example for others by his action and achievements. All his teachers and friends hold him in high esteem for his good work and behaviour in the school and college. He brings name and fame to his school. Discipline, respect for elders and good manners are his chief characteristics. He makes his mind, body and spirit strong to meet the challenges of his future life. He believes that a sound mind lives in a sound body. He is very regular and punctual. He does everything at the right time and in the right manner. He does his duty faithfully and sincerely without thinking of the reward.

An ideal student always tries to develop good habits and pleasant manners. He is polite in speech. He is always ready to help all those who are in need of him. He is honest in his dealings with others. He always keeps only good company. He has a few friends, but all of them are true and sincere friends and noble at heart.

An ideal student always places the interest of the society and the country before his own interest. He is ready to sacrifice everything for the sake of his country. He has an unquenchable thirst for knowledge and he is always keen on learning something new. An ideal student always devotes enough time to reading books of common interest, and the work of great men.

An ideal student is a modest person. He is never proud of his achievements. He is confident and brave. He can express his views frankly without fear and favour. He is steadfast in the struggle of life and faces all challenges boldly and cheerfully. He can never think of using unfair means in an examination.

Restraint and self-control are the chief characteristics of an ideal student. He think twice before he speaks or does a thing. He never uses impolite language. He never misses an opportunity to serve his fellow men. He is objective and considerate in his approach. He hates the sin but not the  sinner. He is God -fearing and does not have malice to anybody. He bears a good moral character. An ideal student is aware of the fact that if wealth is lost, nothing is lost; if health is lost, something is lost; but if character is lost; everything is lost. An ideal student today is the ideal citizen of tomorrow.

**Aksa Biju**
**9F**






# ബാല്യകാലസഖി

## -ബഷീർ

ഡി സി ബുക്സ്
75

പ്രശസ്ത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ രചിച്ച ഒരു നോവലാണ് ബാല്യകാലസഖി. ഈ ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചു ചീന്തപ്പെട്ട ഒരേടാണ്. നമ്മുടെ കണ്ണിലൂടെ നേരിട്ട് കാണുന്നത് പോലയാണ് ഇതിലെ ഓരോ രംഗവും. " ബാല്യകാലസഖി"ഒരു നീണ്ട ചെറുകഥയാണോ അതോ നോവലാണോ എന്ന് പോലും നാം സംശയിച്ച് പോകു മെന്നത് തീർച്ച തന്നെ.


ബാല്യം മുതൽപ്രായപൂർത്തിവരെ നായികാനായകന്മാരുടെ ബഹു മുഖങ്ങൾ ഇതിൽ മനോഹരമായിവ്യക്തമാക്കുന്നു.സുഹ്റയും മജീദുമാണ് കഥയിലെകഥാപാത്രങ്ങൾ. ബാല്യകാലം മുതൽക്ക്തന്നെ ഇവർ രണ്ട്പേരും നല്ല സുഹൃത്തുക്കളായിരുന്നു. പക്ഷെ അവർ സുഹൃത്തുക്കളാകുമുമ്പേ ബദ്ധശത്രുക്കളാ യിരുന്നുഎന്നുള്ളതായിരുന്നു ഏറ്റവും വലിയ സത്യം. അവരുടെ ശത്രുതക്ക് കാരണംമറ്റൊന്നു മായിരുന്നില്ല. അവർ അയൽവാസികളാ യിരുന്നു, ആ രണ്ട് കുടുംബവുംസൗഹാർദതയിൽ തന്നെ. എങ്കിലും സുഹ്റായും മജീദും ബന്ധവൈരികളാണ്.സുഹ്റക്ക് ഏഴും മജീദിന് ഒമ്പതുമായിരുന്നുവയസ്സ് . എപ്പോഴും വഴക്ക് കൂടലായിരുന്നുഅവരുടെ പതിവ്. അങ്ങനെ ഒരു മാമ്പഴത്തിന്റെ കാര്യം വന്നപ്പോള് അവർ ഒന്നായ്. വഴക്കുകളെല്ലാം അവസാനിപ്പിച്ച്അവർ സുഹൃത്തുക്കളായി.

മജീദ് ഒരു പണക്കാരനായിരുന്നു.ഒരു വലിയ കൊട്ടാരം കെട്ടി അതിൽ രാജ കുമാരനായിരുന്ന് സുഹ്റായെ രാജകുമാരിയാക്കണമെന്നായിരുന്നു ആഗ്രഹം. എന്നാലോ അവനൊരു പേടിതൊണ്ടനായിരുന്നു എന്നാണ് മറ്റൊരു സത്യം. പക്ഷെ സുഹ്റ ഒരു പാവപ്പെട്ടവീട്ടിലെ കുട്ടിയാണ്. തന്റെ ഉപ്പ ഒരു അടക്കപെറിക്കാരനും , നല്ല ധൈര്യമുള്ള പെണ്ണ്. അവൾക്ക്പഠിക്കാൻ വലിയ ഇഷ്ടമാണ്. എന്നാലോ അതിനിട്ട് പണം ഇല്ലതാനും.

സൗഹൃദത്തിനുമപ്പുറത്തേക്ക് അവരുടെ ബന്ധം വളരാൻ തുടങ്ങി.അവരുടെ മനസ്സുകൾ ഒന്നായി തീർന്നു.സുഹ്റ മജീദിനെ സ്നേഹിക്കുന്നു. മജീദ് സുഹ്റയേയും.ഈ വിവരംരണ്ട് പേർക്കും അറിയാം പ്രണയ സാഫല്യത്തിന്റെ നട്ടുവിലാണവർ. അങ്ങനെ ഒരുദിവസം അവൻ ബാപ്പയോട് വഴക്കിട്ട് വീട് വിട്ടിറങ്ങി. എങ്ങോട്ടേക്കെന്നില്ലാത്ത ഒരു യാത്ര. അവൻ സുഹ്റയോട് യാത്രപറഞ്ഞിറങ്ങി.അവൻ പോയതിന് ശേഷം അവളുടെ കല്യാണം ആലോചിക്കാൻ തുടങ്ങി . പൊന്നും സ്ത്രീധനവുമില്ലാതെ ആരും അവളെ കല്യാണം കഴിക്കാൻ ഒരുങ്ങിയില്ല. അവസാനം ഒരാൾ അവളെ വിവാഹം കഴിച്ചു. അയാളാണെങ്കിൽ ഒരു അരിശക്കാരനാണ്. അയാൾക്ക് വേറൊരു ഭാര്യയും രണ്ട് കുട്ടികളുമുണ്ട്.തന്റെ ഓഹരി ഞാൻ എന്റെ വീട്ടിൽപ്പോയി നിർബന്ധിച്ച് വാങ്ങണമെന്നാണ് അയാൾ പറയുക. വിസമ്മതിച്ചാൽ അവളെ തല്ലും. മജീദ് തിരിച്ച് വീട്ടിൽ വന്നപ്പോൾ ഇതെല്ലാം അവനോട്പറഞ്ഞു.അങ്ങനെ അവൻ വീണ്ടും എങ്ങോട്ടോ പോയി. തിരിച്ച് വന്നപ്പോഴേക്കും സുഹ്റ ഈ ലോകത്തുനിന്നുംഎന്നന്നേക്കുമായി യാത്രയായി.............

വിരഹനൊമ്പരത്തിൽ അവൻ അലഞ്ഞു
ഒരു ഭ്രാന്തനെപ്പോലെ ..........................

-റിഷാൻ കെ വി
9A



അഭിമുഖം

# അനിൽ കുറ്റിച്ചിറയോടൊപ്പം..

## അനിൽ കുറ്റിച്ചിറ

എറണാകുളം ജില്ലയിൽ ഓണക്കൂർ, അഞ്ചൽ പെട്ടിയിൽ ജനനം. ഗവ. ഹൈസ്കൂൾ പാമ്പാക്കട, മൂവാറ്റുപുഴ, നിർമ്മല കോളേജ് ഐ.വി.ടി ഷൊർണ്ണൂർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ജോലിയുമായി ബന്ധപ്പെട്ട് ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ ദീർഘകാലം താമസിച്ചിരുന്നു. ഇപ്പോൾ നീർമ്മാതളം എന്ന പ്രസിദ്ധീകരണ സ്ഥാപനം നടത്തുന്നു. കഥ, കവിത എന്നിവ ധാരാളമായി ആനുകാലികങ്ങളിൽ എഴുതുന്നുണ്ട്. ആദ്യ പുസ്തകം ഒന്നു വീതം രണ്ടു നേരം.വയനാട്ടിലെ അറിയപ്പെടുന്ന സാംസ്കാരിക പ്രവർത്തകൻ കൂടിയാണ് അനിൽ കുറ്റിച്ചിറ. മാനന്തവാടിക്കടുത്ത് പയ്യമ്പളവിൽ താമസിക്കുന്നു.

വിലാസം : അനിൽ കുറ്റിച്ചിറ, കുറ്റിച്ചിറയിൽ, പയ്യമ്പള്ളി.പി .ഒ മാനന്തവാടി
ഫോൺ : 9446640507

**അഭിമുഖം: സഫാന ഫെബിൻ എ ഐ**
**ബേസിൽ ബിജു**
**ഭരത് ഡി**



**? സർ, കവിതയുടെ രംഗത്തേക്ക് എത്താനുള്ള കാരണമെന്തായിരുന്നു.**

കവിതരംഗത്തേക്കെല്ലാവരും സ്വയമേവ എത്തിച്ചേരുന്നതാണ് എന്നെ സംബന്ധിച്ചെട്ടുത്തോളം എന്റെ മലയാളം അധ്യാപകരും എന്നെ സ്കൂളിൽ പഠിപ്പിച്ച മലയാളം ടീച്ചർമ്മാരും അവര് ചൊല്ലിത്തന്ന കവിത കളിൽ ഏതൊക്കെയോ നല്ല അളവിൽ എന്റെ മനസ്സിന്റെ അകത്തേക്ക് കയറിയിട്ടുണ്ട്. അത് എന്റെ കവിത എഴുത്തിന്റെ തുടക്കത്തെ സഹായിച്ചിട്ടുണ്ടാവാം.

**? താങ്കൾ ആദ്യമായി പ്രസിദ്ധീകരിച്ച കൃതി ഏതാണ്.**

ഞാൻ 25,26 വർഷമായി കവിത എഴുതുന്ന ഒരാളാണ്. ഒരു ധീര മായ ഇടവേളയിൽ അത് മലയാളത്തിൽ പല പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. 2013 ലാണ് ആദ്യമായിട്ട് ഒരു കവിതാ സമാഹാരം പുറത്തിറക്കുന്നത്. എന്റെ സുഹൃത്തുക്കളോടൊപ്പം തയ്യാറാക്കിയ "ഒന്നു വീതം രണ്ട് നേരം" എന്ന കൃതിയാണത്. അത് കഴിഞ്ഞ് പല കവിതകൾ എഴുതുകയും പല യാത്രകൾ നടത്തുകയും അവ ഇടക്ക് പ്രസിദ്ധീകരിക്കുന്നുമുണ്ട്.

**? നിങ്ങളുടെ പ്രസിദ്ധീകരണത്തിന് "നീർമാതളം" എന്ന പേര് നൽകാൻ കാരണം മാധവിക്കുട്ടിയുടെ "നീർമ്മാതളം പൂത്തകാലം" വുമായി എന്തെ ങ്കിലും ബന്ധമുണ്ടോ .**

ബോംബെയിൽ വച്ച് മാധവിക്കുട്ടിയുടെ ആത്മകഥയിൽ വിവരിച്ച രാജേന്ദ്ര പോളിനെ കാണാനിടയായി. അങ്ങനെ മാധവി കുട്ടിയെയും പരിചയപ്പെട്ടു. സൗഹൃദത്തിലാവുകയും ചെയ്തു. പിന്നീട് അവരോട് ആരാധനയായി. പിന്നെ വർഷങ്ങൾക്ക് ശേഷം വയനാട്ടിൽ വച്ച് ഈ പ്രസിദ്ധീകരണ സ്ഥാപനം തുടങ്ങിയപ്പോൾ എനിക്ക് മാധവിക്കുട്ടിയുമായി ബന്ധപ്പെട്ട ഒരു പേര് നൽകണമെന്ന്തോന്നി. അതുകൊണ്ടു തന്നെയാണ് ഞാൻ ഈ പ്രസിദ്ധീകരണത്തിന് "നീർമ്മാതളം"എന്നപേര് നൽകിയത്. ഈ പേര് നൽകിയത് കൊണ്ട് തന്നെ ഒരു പാട് ഗുണങ്ങളുണ്ടായിട്ടുണ്ട്. നീർമാതളം എന്ന് കേൾക്കുമ്പോൾ അത് വയനാട്ടിലെ പ്രസിദ്ധീരണമാണെന്ന് തോന്നുകയേ ഇല്ല.

**? സാറ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ഏറ്റവും സംതൃപ്തി തോന്നിയ പുസ്തകം**

**ഏതാണ്.**

ഇതിപ്പോൾ അമ്പത്തൊന്നാമത്തെ പുസ്തകമാണ് പ്രസിദ്ധീകരിക്കുന്നത്. അമേരിക്കയിലും ഗൾഫിലുമടക്കം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ എനിക്ക് സംതൃപ്തി തോന്നിയത് ഫസൽ റഹ്മാൻ എഴുതിയ "തനിച്ചായി പോയ കവിതകൾ" എന്ന കവിതാ സമാഹാരവും പിന്നെ രാജേന്ദ്രൻ ചെറുപൊയ്കയുടെ"വൈരുദ്ധ്യധഷ്ഠിത ദൈവീക വാദ"വുമാണ്.

**? സാറിനെ അത്ഭുതപ്പെടുത്തിയ ഏതെങ്കിലും യുവകവികളുണ്ടോ**

ഞാൻ ഏറ്റവും അത്ഭുതപ്പെട്ടത് വേറെ ആരുമായിരുന്നില്ല. അത് ധ്രുപത് ഗൗതമാണ്. അവന്റെ കവിതകൾ മൂന്ന് കൊല്ലമായി എന്നെ ഞെട്ടിച്ച് കൊണ്ടിരിക്കുകയാണ്. വർഷങ്ങളായി ഞങ്ങളെപ്പോലെയുള്ള ആളുകളെക്കൊണ്ട് പോലും എഴുതാൻപറ്റാത്ത വരികളാണ് അവന്റെ വിരലുകളിൽ നിന്നും ഉയരുന്നത്.അത് എന്നെ കൂടുതൽ ഞെട്ടിക്കുകയായിരുന്നു.

**?സാറിന് ഏറ്റവും ഇഷ്ടപ്പെട്ട കവിത ഏതാണെന്ന് പറയാമോ.**

"പര്യായപദം"എന്ന കവിതയിൽ ദൈവത്തെപ്പറ്റി പറയുമ്പോഴൊക്കെ സിസ്റ്റർ കാർമ്മലിനെ ഓർമ്മവരുന്നു എന്ന് തുടങ്ങുന്ന വരികളാണ്.
നമ്മുടെ ജീവിതത്തിലെ എല്ലാ ആളുകളെയും പറയുന്നുണ്ട്. മാത്രവുമല്ല അതിന്റെ അവസാനം ഞാനെന്റെ അമ്മയെക്കുറിച്ചാണ് പറയുന്നത്.അതാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്.



**?സാഹിത്യ ശാഖയിൽ കവിതക്കുള്ള പ്രത്യേകത എന്ത്**

നാം മനസ്സിലാക്കേണ്ട ഒരു കാര്യം കവിത അനുദിനം മാറിക്കൊണ്ടിരിക്കും. നമ്മളേക്കാൾ മുമ്പേ ചില പൂർവ്വികർ കവിത എഴുതിയിട്ടുണ്ട്. അതിൽ സംസ്കൃതം ഇഴചേർന്ന കവിതകളുണ്ട്,മലയാളത്തിലേക്ക് സ്വതന്ത്രതപ്രാപിക്കുന്ന കവിതകളുണ്ട്,എഴുത്തുകാരാരാണെന്ന് അറിയാത്ത ചില കവിതകളിണ്ട്.കാലത്തിന്റെ ദൂരം കൂടുന്തോറും കവിതകളിൽ മാറ്റം വന്ന് കൊണ്ടേയിരിക്കും.ഇപ്പോൾ നമ്മുടെ ഈ കാലത്ത് ഒരു കവിത എഴുതിയാൽ അടുത്ത തലമുറ അതിനെ ഇളക്കിമറിച്ചാണ് മറ്റൊരു കവിത എഴുതുന്നത്.

**? യുവ എഴുത്തുകാരെ പറ്റി സാറിന്റെ അഭിപ്രായമെന്ത്**

യുവ എഴത്തുകാർ കവിതയിൽ ഇപ്പോൾ വളരെ സജീവമാണ്. ചെറുപ്പത്തിൽ തന്നെ ചെറിയ കവികൾ ഉയർന്ന് വരുന്നുണ്ട്. വേണമെ ങ്കിൽ ദ്രുപത് ഗൗതമിനെപ്പോലെ ഉള്ളവർ അതിന് ഉദാഹരണമാണ്.

**? സോഷ്യൽ മീഡിയ ഇപ്പോൾ ഈ കാലത്ത് വ്യാപകമാവുകയാണ്.അതി ലൂടെ കവിതകൾ അപ്‌ലോട് ചെയ്യുന്നതിനെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്ത്.**

മലയാളത്തിൽ ഒരുപാട് പേര് കവിതകൾ എഴുതുന്നുണ്ട്. എന്നാൽ പണ്ട് വേറെ ഒരാളെ കേൾപ്പിക്കാനുള്ള സാധ്യതയില്ലായിരുന്നു.സോഷ്യ ൽ മീഡിയ വരുന്നതിന് മുമ്പ് ഒരു കവിത ഒന്ന് പ്രസിദ്ധീകരിക്കണ മെങ്കിൽ അത് അയച്ച് കൊടുത്ത് പത്രാധിപൻ അവരുടെ മാസികക്ക് യോഗ്യതയുണ്ട് എന്ന് തോന്നിയാൽ അത് പ്രസിദ്ധീകരിക്കും. എന്നാൽ സോഷ്യൽ മീഡിയ വന്നതോടെ എത്ര പാവപ്പെട്ടവനും അവന്റെ രചനകൾ പ്രസിദ്ധീകരിക്കാം എന്നതാണ് ഇതിന്റെ ഏറ്റവും പ്രയോജനമായകാര്യം.നമ്മളിലുണ്ടാകുന്ന കഴിവിനെ പെട്ടന്ന് തന്നെ മറ്റുള്ളവരിലെത്തുക്കാം.

**? സർ, നടത്തുന്ന പ്രസിദ്ധീകരണത്തിൽ മത്സരങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടോ.**

പുസ്തക പ്രസിദ്ധീകരണത്തിന് പിന്നിൽ വലിയ അദ്ധ്വാനമാണ്

ഉള്ളത്.പക്ഷെ ഇത് ഒന്നോ രണ്ടോ പ്രസാധകരുടെ കുത്തകയായി മാറി യിട്ടുണ്ട്.അതിന്റെ കാരണമെന്തന്നാൽ അവർക്കാണ് സ്വാധീനവും സാമ്പത്തികവുമുപയോഗിച്ച് വിലപിടിച്ച (കനംകൂടിയ) പുസ്തകം ഇറക്കാ ൻ സാധിക്കുക .അതിനാൽ സ്വാഭാവികമായി വായനക്കാർ അവരിലേക്ക് തിരിയും. മാത്രവുമല്ല കൃത്രിമമായി പുസ്തകങ്ങൾ വിറ്റഴിക്കു ന്നവരുണ്ട്.ഇതിനിടയിൽ നല്ല കഴിവുള്ള  പല എഴുത്തുകാരും മങ്ങിപ്പോ കുന്നവുമുണ്ട്. അപ്പോൾ ഈ മങ്ങിപ്പോയവരെ ഉയർത്തിയെടുക്കുമ്പോഴാ ണ് ഒരു പ്രസിദ്ധീകരണം അറിയപ്പെടുന്നത്.അവിടെയാണ് നാം മത്സ രങ്ങളെ നേരിടുന്നത് . ഞാൻ ചില അവസരങ്ങളിൽ അത് നേരിട്ടിട്ടുമുണ്ട്.

**? താങ്കൾ ഒന്നിലധികം പതിപ്പുകൾ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുണ്ടോ.**

തീർച്ചയായും ,ഷാജി പുൽപ്പള്ളിയുടെ "മൗനമുണ്ടാകുന്നത്"എന്നത് രണ്ട് പതിപ്പും മറ്റൊരു യാത്ര വിവരണം മൂന്നാമത്തെ പതിപ്പുമാണ് പ്രസി ദ്ധീകരിച്ചത്.

**? ഒരു കവിതക്ക് സൗന്ദര്യം ഉണ്ടാകുന്നത് എപ്പോഴാണ്**

കവിതയുടെ സൗന്ദര്യം വ്യത്യസ്തമാണ്. എങ്കിലും കവി തന്റെ ഭാവ നക്കനുസരിച്ച് കവിത എഴുതുന്നു. ആ കാവ്യം വായനക്കാർക്ക് സുന്ദരമാ യി തോന്നുമ്പോൾ  ആ കവിത സുന്ദരമാകുകയും ചെയ്യുന്നു.



# ജലം അഥവാ 'യുദ്ധ' ജലം

കിണറുകുഴിച്ച് ചെന്നവന്
ഒരു
നദിയുടെ ജഡം കിട്ടി
ചെവിയോർത്തു നിൽക്കെ
ഒരു ഇളക്കം
വിരൽ തൊട്ടു
ഒരു ചുഴി
കണ്ണ് ചിമ്മെ
ഒരു പരൽമീൻ ചാട്ടം
കുളിര് പുതച്ച്
മരത്തിന്റെ
അസ്ഥി
തലയോട്
ഭൂതകാലത്തിന്റെ
സ്നേഹസ്പർശം
ചുമന്ന്
പളുങ്കായ്ത്തീർന്ന
കല്ലുകൾ
കണ്ടെത്തിയ തൊക്കയും
തോന്നലെന്നോർമ്മിപ്പിച്ച്
ഉഷ്ണക്കാറ്റിൽ നിറഞ്ഞ്
കിണർ
ജലം എന്നത്
യുദ്ധത്തിന്റെ
മറ്റൊരു പേര്

***അനിൽ കുറ്റിച്ചിറ***

# നുറുങ്ങു കഥകൾ



## സംഗീതം പോലെ

അച്ഛന്റെ ഇടതു കൈയിൽപിടിച്ചുകൊണ്ട് നടക്കുകയായിരുന്ന മകൻ നേരിയ ഇടർച്ചയോടെ ചോദിച്ചു:-



"അച്ഛാ....അന്യന്റെ വാക്കുകൾ സംഗീതമാകുന്ന കാലം എന്നാണ് ഭൂമിയിൽ ഉണ്ടാവുക...?"

മകനെ ചേർത്തു പിടിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു:-

"പ്രതിമകൾ സംസാരിക്കാൻ തുടങ്ങുമ്പോൾ "

മകൻ പ്രതിമ കണക്കെ നിൽക്കുമ്പോൾ അച്ഛന്റെ വാക്കുകളിൽ സംഗീതം പെയ്യാൻ തുടങ്ങി.

## പ്രണയം



അവൾ ഒരു പ്രണയ കവിതയാണാവശ്യപ്പെട്ടത്. പ്രണയം തന്നെ അവൾക്കു സമ്മാനിച്ചു.എന്നിട്ടും അവൾ പ്രസവിച്ചത് വിമർശകനെ.

## എലിമിനേഷൻ റൗണ്ട്



മകന്റെ ജഡവുമായി വിലപിക്കുന്ന അമ്മയോട് ബുദ്ധദേവൻ പറഞ്ഞു:-

"മൊബൈൽ ഫോൺ ഇല്ലാത്ത ഒരു വീട്ടിൽ നിന്ന് ഒരു പിടി കടുക് കൊണ്ടുവരിക...."

ഒരാഴ്ച്ച കഴിഞ്ഞപ്പോൾ ബുദ്ധന്റെ ഫോണിലേക്ക് ഒരു സങ്കട കോൾ

" ക്ഷമിക്കണം ഭഗവാൻ എന്റെ കുഞ്ഞിന്റെ ജഡം മറവുചെയ്യേക്കുക....!"

***ഷാജി പുൽപള്ളി***



# ഇടയ്ക്ക്.....

ഹൃദയ ബന്ധങ്ങൾ വെറും
നീർക്കുമിളകൾ പോലെ
ഉടഞ്ഞു വീഴുമ്പോൾ
ചിലരുടെ മനസ്സിൽ നാം
ആരുമല്ലാതായി തീരുന്ന ഒരു നിമിഷമുണ്ടാവും
അന്ന് കനൽ കത്തിയെരിയുന്ന
സ്നേഹത്തെ പോലും നാം അറിയാതെ പോകും...

ഷഹല ലുലു കെ 9F



# മരണം

മരണമെന്ന മൂന്നക്ഷരം.....
ഒരു ദുഃഖം വന്നാൽ
നമ്മൾ മരണത്തെയാണ് ആശ്രയിക്കുക
എന്നാൽ മരണം നമ്മുടെ അടുത്തുവന്നാൽ
നാം ഓടി മറയുകയെ ചെയ്യു...
പലരും ആദ്യം അതിനെ സ്നേഹിക്കുന്നുണ്ടെങ്കിലും
പിന്നീട് അതിനെ വെറുക്കുന്നു....

അളകനന്ദ
8F

ഡിജിറ്റൽ പെയിന്റിങ്ങ്

# നിലാവുള്ള രാത്രിയിൽ തനിയെ



നാജിയ

10 c

# അവഗണനയുടെ മറവിൽ
# തലക്കൽ ചന്തു സ്മാരകം



ലിറ്റിൽ കൈറ്റ്സിന്റെ ഫോട്ടോഗ്രാഫിയുമായി ബന്ധപ്പെട്ട് രണ്ട് ദിവസങ്ങളിലായി പനമരം ഗവ.ഹയർസെക്കണ്ടറിയിൽ വച്ച് നടന്ന ക്യാമ്പിലാണ് തലക്കൽ ചന്തു മ്യൂസിയത്തെ അടുത്തറിയുന്നത്.

പഴശ്ശിരാജയുടെ വലംകൈ എന്ന് അറിയപ്പെട്ട തലക്കൽ ചന്തു കബനി പുഴയുടെ കൈവരിയായ പനമരം പുഴയുടെ സമീപത്തുള്ള കോളിമരത്തിൽ ബ്രിട്ടീഷുകാരാൽ വധിക്കപ്പെട്ടു എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. പഴശ്ശിരാജയുടെ കുറിച്ച്യപട തലവനായിരുന്ന തലക്കൽ ചന്തു. വളരെയധികം ധീരതയോടെയായിരുന്ന തലക്കൽ ചന്തു തന്റെ സൈന്യത്തെ നയിച്ചിരുന്നത്. വയനാട് ജില്ലയിൽ തൊണ്ടർനാട്



പഞ്ചായത്തിലെ കുഞ്ഞോത്ത് കാർക്കോട്ടിൽ തറവാട്ടംഗമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ബ്രിട്ടീഷ് പട്ടാളവുമായി ബന്ധപ്പെട്ട പോരാട്ടങ്ങളിലൂടെയാണ് അദ്ദേഹം അറിയപ്പെടുന്നത്.1802 ൽ 175 അംഗങ്ങളുള്ള സംഘം കുറിച്ച്യപടയാളികൾ ബോംബെ ഇൻഫാന്റി യൂണിറ്റ്

പിടിച്ചെടുക്കുകയും കമാൻഡിംഗ് ഓഫീസർ ഡിക്കിൻസൺ ലെഫ്റ്റനന്റ് ഓഫീസർ മാക്സിവൽ അടക്കം 70 പേർ കൊല്ലപ്പെടുകയും ചെയ്തു. 1805 നവംബർ 15 ന് ആസൂത്രിതമായ നീക്കത്തിലൂടെ ബ്രിട്ടീഷുകാർ തലക്കൽചന്തുവിനെ പിടികൂടുകയും കോളി മരച്ചുവട്ടിൽ വച്ച് വധിക്കുകയും ചെയ്തു.

തലക്കൽചന്തുവിനെ കുറിച്ചുള്ള വിവരങ്ങൾ കോളി മരത്തിനരികിലായുള്ള ബോർഡിൽ സ്ഥാപിച്ചത് വിദേശികൾക്കും അത് പോലെ സ്വദേശികൾക്കും വളരെയധികം ഉപകാരപ്രദമാണ്. എന്നാൽ വയനാടിന്റെ സംസ്കാരം ഉറങ്ങുന്ന ഈ മണ്ണിനെ അധികൃതർ അവഗണിക്കുകയാണ്. കോളിമരത്തിന്റെ സംരക്ഷണ ഭിത്തി ഇടിഞ്ഞുപൊളിഞ്ഞ് സംരക്ഷമില്ലാതെ കിടക്കുന്നു.സംരക്ഷണമില്ലാത്ത ഈ അവസ്ഥ കോളിമരത്തിനും അത്പോലെ മ്യൂസിയത്തിനും വളരെയധികം ഭീഷണിയായിരിക്കുന്നു. പ്രളയത്തിലെ ക്യാമ്പുകളിൽ ഒന്ന് പനമരം സ്കൂളിൽ വച്ച് നടന്നതിന്റെ  ഫലമായി മ്യൂസിയത്തിന്റെ പരിസരം മുഴുവനും പ്ലാസ്റ്റിക് മാലിന്യങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. സാമൂഹികവിരുദ്ധരുടെ പ്രവർത്തനങ്ങൾ ഇവിടെ അധികരിക്കുന്നു. മ്യൂസിയത്തിന്റെ ജനൽ ചില്ലുകൾ പൊട്ടിയതിനാൽ അകത്തേക്ക് ഇഴജന്തുക്കൾ കയറാനുള്ള സാഹചര്യം കൂടിക്കൊണ്ടിരിക്കുന്നു.





പനമരം പുഴയോട് അതിർത്തി പങ്കിടുന്ന ഈ ഭാഗത്ത് അതിർത്തിയോ വേലിയോ ഇല്ലാത്തതിനാൽ കാട് കയറി അപകടങ്ങൾക്ക് സാധ്യത കൂടുന്നു.സംസ്കാരത്തിന്റെ കാവലാളായ തലക്കൽ ചന്തു മ്യൂസിയം സംരക്ഷിക്കപ്പെടണമെന്ന് തന്നെയാണ് പരിസരവാസികളുടെയും മറ്റാളുകളുടെയും ആഗ്രഹം. സംരക്ഷണച്ചുമതലയുള്ള പുരാവസ്തുവകുപ്പ് സംരക്ഷണം ഏറ്റെടുക്കുമെന്ന പ്രത്യാശയോടെ.....

- മുഹമ്മദ് റാഫി

# ഉണങ്ങാത്ത മുറിവ്



മെല്ലെ മെല്ലെ പടികയറി അയാൾ അ വിശാലമായ മുറ്റത്ത് വന്നു നിന്നു. പത്തു വർഷത്തിനുശേഷമാണ് അയാൾ ആ മുറ്റത്തു നിൽക്കുന്നത്. സത്യത്തിൽ ഇപ്പോഴാണ് അയാൾ വീട്ടിലേക്ക് വരുന്നത്. അമ്മയുടെ മരണവാർത്ത കേട്ട് ഓടി വന്നു. പക്ഷേ അമ്മയുടെ ചാരമാണ് അയാൾ കണ്ടത്. നാട്ടുകാരാണ് ആ സ്ത്രീയെ ദഹിപ്പിച്ചത്. കാരണം, മരിച്ചിട്ട് മൂന്ന് ദിവസമായിട്ടും ആരെയും കാണാത്തതുകൊണ്ടും, മനഃസാക്ഷി ഉള്ളതുകൊണ്ടും. അമ്മയുടെ ആകെയുള്ള സമ്പാദ്യമായി ആ മകനെ ഒരു നോക്ക് കാണാൻ പറ്റാതെ ആ അമ്മ യാത്രയായി.

അയോണ സി പി

# ഒഴുകുമോ നാളെ നീ



സീനത്തുന്നിഷ
9 F

# മഴ

മനസ്സിൻ  കുളിരായി
ഭൂമിക്ക് പ്രാണജലമായി
പ്രകൃതിക്ക്  അനുഗ്രഹമായി....
നീ സ്വയം ഇല്ലാതാകുന്നു....
നിന്നെ അറിഞ്ഞ്
നിന്നെ അനുഭവിച്ചത്
ഒരു അനുഗ്രഹമാണെനിക്ക്
നീ എന്ന പ്രതിഭാസം
ഭൂവിൽ ഇല്ലാതിരുന്നെങ്കിൽ
മാനവർ എന്തുചെയ്യും
പ്രകൃതിയെ  നശിപ്പിപ്പവരോട്
നീ പ്രതികാരം ചെയ്യൂ
എന്നാലും നിൻ മഹത്വം ഞങ്ങൾക്കറിയാം
നീ ആണ് ഭൂവിന് സൗന്ദര്യം
നിൻ തുള്ളികൾ ഹൃത്തിന് ആനന്ദം
ഞങ്ങൾക്ക് ആനന്ദം സമ്മാനിക്കാൻ
നീ സ്വയം ഇല്ലാതാകുന്നു

*അയോണ .സി.പി.*
*9 f*

# എന്റെ അമ്മ

നനവുള്ള ആ തുലാ മാസത്തിൽ ഞാൻ കാണുന്ന ദേവതകളിൽ ഒന്നാണ് എന്റെ അമ്മ. തുമ്പപോലെ വെണ്മനിറഞ്ഞതാണ് ആ മനസ്സ് . എന്റെ വീടിന്റെ വിളക്കാണ് എന്റെ അമ്മ.......................

ANJALI M.J

# നഷ്ടപ്പെട്ട സ്നേഹം

സ്നേഹം എന്നതൊരു ഭ്രാന്തായിരുന്നു എനിക്ക്...
നീ ഇല്ലാത്തൊരു ജീവിതം ഉണ്ടായിട്ടില്ല
എന്നാലാ സ്നേഹം ഒരു പഴകഥയായി തീർന്നിരിക്കുന്നു...
എൻ ഹൃദയം വേദനിക്കുന്നു........
നീ ആയിരുന്നു എൻ ജീവിതം.
എൻ സ്നേഹം കാറ്റിൽ ഊതി നീ ഓടിപ്പോയി,
എന്നാൽ നിൻ സ്നേഹം എന്നിൽ അല്ലായിരുന്നു എന്നു ഞാൻ അറിയുന്നു....
ഈ നിമിഷം ഞാൻ.........അറിയുന്നു....


അയോണ.സി.പി



# ബാല്യം

എന്റെ ബാല്യകാലമാണ് എനിക്കിഷ്ടം
അന്ന് പൊട്ടിയ മുട്ടിന്റെ വേദന മാത്രം........
ഇന്ന് പൊട്ടിതകരുന്ന ഹൃദയ വേദനയും............
അന്ന് ബാലനായ എനിക്ക് യഥാർത്ഥ സ്നേഹമുണ്ടായിരുന്നു
സൗഹൃദമുണ്ടായിരുന്നു.
ഇന്ന് ഔദാര്യമായി തീർന്ന പ്രണയിനിയുടെ
സ്നേഹവും ചതിയും വഞ്ചനയും
മാത്രമറിയാവുന്ന ചിലരുടെ സൗഹൃദവും...........
ഒരിക്കൽ കുടി ആ ബാല്യത്തിലേക്ക്
തിരിച്ചു പോയിരുന്നുവെങ്കിൽ
എന്റെ ജീവിതം ധന്യമായേനെ ....

നിഹാല ഫാത്തിമ
9 F



# ഓർമ്മപ്പാട്

നീ കത്തിയെരിഞ്ഞ ചിതയിൽ
നിന്ന് ഒരസ്ഥിയിൽ അതിന്റെ
മനസ്സിൽ ഒരു അമ്പുണ്ടാക്കി
വില്ലുകൊണ്ട് അമ്പുകുലക്കും.
നിന്റെ ഓർമ്മ അതിൽ
നിന്നു ഞാൻ വീണ്ടെടുക്കും
നിന്റെ കത്തിയെരിഞ്ഞ ചിതയിൽ
രക്ത പുഷ്പങ്ങൾ ഞാൻ അർപ്പിക്കും..............

അക്ഷയ മനോജ്
9 F

# MY LOST FRIEND

I LOST MY FRIEND
'
WHEN THE TIME PASSED AWAY.

THE TIME MAKES ME A LOSER .

MY FRIEND WAS LIKE A BLOOMING ROSE.

NOW ALL ITS PETALS SHED OFF,

HE BECAME A VOICE ONLY.

NOW HE IS LIKE A THUNDER

BUT STILL I HOPE.

ONE DAY I WILL GAIN MY FRIEND BACK............

AKSHAYA MANOJ
9f

പാചകം

# Date Caramel Cake



മറിയം മഹമൂദ്

## ആവശ്യമായ സാധനങ്ങൾ :


1.മുട്ട : 4 എണ്ണം
2.പഞ്ചസാര :1 കപ്പ്
3.സൺ ഫ്ലവർ ഓയിൽ :1 കപ്പ്
4.ഈത്തപ്പഴം :8 എണ്ണം
5.ഗോതമ്പ് പൊടി :2 കപ്പ്
6. അണ്ടിപ്പരിപ്പ്, ഉണക്ക മുന്തിരി : അലങ്കരിക്കാൻ ആവശ്യത്തിന്
7. നെയ്യ് : ആവശ്യത്തിന്

## പാകം ചെയ്യുന്ന വിധം :

1. പഞ്ചസാരയിൽ നിന്ന് ഒന്നര ടേബിൾ സ്പൂൺ ഒരു പാത്രത്തിലേക്ക് മാറ്റി വെയ്ക്കുക
2. മുട്ട ബാക്കി പഞ്ചസാര ചേർത്ത് എഗ്ഗ് ബീറ്റർ ഉപയോഗിച്ച് നന്നായി അടിച്ച് പതപ്പിക്കുക
3. മാറ്റി വെച്ച പഞ്ചസാര വെള്ളം ചേർക്കാതെ ചൂടാക്കി ബ്രൗൺ നിറത്തിൽ കാരമൽ തയ്യാറാക്കുക
4. ചൂടോടെ പതപ്പിച്ച മുട്ടയിൽ ചേർത്ത് അടിക്കുക
5. സൺഫ്ലവർ ഓയിൽ ചേർക്കുക
6. തുടർന്ന് ഈത്തപ്പഴം മിക്സിയിൽ ചെറുതായി അടിച്ചത് ചേർക്കുക
7. ഗോതമ്പ് പൊടിയും ഒരു നുള്ള് ഉപ്പും ചേർത്ത് നന്നായി ഇളക്കിച്ചേർത്ത ശേഷം നെയ്യിട്ട് ചൂടാക്കിയ കേക്ക് പാനിലോ ചെറിയ കുക്കറിലോ (വെയിറ്റിടാതെ) ഒഴിച്ച് വേവിച്ചെടുക്കുക
8. ചെറുതായി ഉറക്കുമ്പോൾ മുകളിൽ നെയ്യിൽ വറുത്തെടുത്ത അണ്ടിപ്പരിപ്പും മുന്തിരിയും വെച്ച് അലങ്കരിക്കുക

# വ്യക്തികൾ മുദ്രകൾ

## Richard Mathew Stallman



Richard Mathew Stallman (born 1953), often known by his initials, RMS,is an American free software movement activist and programmer. He campaigns for software to be distributed in a manner such that its users receive the freedoms to use, study, distribute and modify that software. Software that ensures these freedoms is termed free software.In October 1985 he founded the Free Software Foundation.

Abdul arshad
9d

## റോബർട്ട് ബോയിൽ

**[ 1627 – 1691 ]**

*ആധുനിക രസതന്ത്രത്തിന്റെ ഉപജ്ഞാതാവ് എന്ന കരുതപ്പെടുന്ന ഐറിഷ് രസതന്ത്രജ്ഞൻ. വാതകങ്ങളിൽ നടത്തിയ പരീക്ഷണങ്ങൾ ബോയിൽ നിയമത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചു. 1661-ൽ പ്രസിദ്ധീകരിച്ച ' ദ സ്കെപ്റ്റിക്കൽ കെമിസ്റ്റ്' ( the sckeptikal chemist ) എന്ന കൃതി ആദുനിക രസതന്ത്രത്തിന്റെ അടിത്തറ പാകുന്നതായിരുന്നു. മൂലകമെന്ന പദം ആദ്യമായി നിർവചിച്ചത് ഇതിലാണ്. വ്യാപ്തവും മർദ്ദവും തമ്മിലുള്ള ബന്ധമെന്തെന്ന് വിശദമാക്കുന്ന ' ബോയിൽ നിയമം ' ഇദ്ദേഹത്തിന്റെ സംഭാവനയാണ്.*

*Muhammed Rafi 9E*

# ശ്രീനിവാസ രാമാനുജൻ



ജനനം: 1887, മരണം: 1920

**പ്രധാന സംഭാവനകൾ:** ധാരാളം ജോടി സുഹൃദ് സംഖ്യകൾ കണ്ടെത്തി. രാമാനുജനെ ആകർഷിച്ച മറ്റൊരു മേഖല മാന്ത്രികചതുരമായിരുന്നു. ഒരു വൃത്തത്തിന് തുല്യവിസ്തീർണ്ണമുള്ള സമചതുരം നിർമ്മിക്കുന്നതിനുള്ള ഒരു രീതി അദ്ദേഹം ആവിഷ്കരിച്ചു. രണ്ടു സംഖ്യകളുടെ ക്യൂബുകളുടെ തുകയായി രണ്ട് രീതിയും എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729 എന്നദ്ദേഹം കണ്ടെത്തി. $1729 = 12^3 + 1^3 = 10^3 + 9^3$. അതിനാൽ 1729 എന്ന സംഖ്യ ' രാമാനുജൻ സംഖ്യ ' എന്ന പേരിൽ അറിയപ്പെടുന്നു. ' സ്വർഗ്ഗത്തിന്റെ സമ്മാനം ' എന്നാണ് ഇദ്ദേഹം ഗണിതശാസ്ത്രലോകത്ത് അറിയപ്പെട്ടിരുന്നത്.

Muhammed rafi

*9E*

# പദപ്രശ്നം

| | | | | | |
|---|---|---|---|---|---|
| ■ | ■ | ■ | ■ | ■ | 1 |
| ■ | ■ | 2 | | | |
| ■ | ■ | | ■ | ■ | ■ |
| ■ | ■ | | ■ | ■ | ■ |
| 3 | 4 | | ■ | ■ | ■ |
| ■ | | ■ | ■ | ■ | ■ |
| ■ | | ■ | ■ | ■ | ■ |



***സൂചനകൾ:***



**വലത്തോട്ട്**

2.കേരളത്തിന്റെ നെല്ലറ എന്നാണ് ഈ നാടിന്റെ പേര്.

3.അർജുനന്റെ സഹോദരനാണ് ഈ ശക്തിമാൻ.

**താഴോട്ട്**

1.മഴയും വെയിലുമേൽക്കാതെ നമ്മൾ താമസിക്കുന്നത് ഇതിനുള്ളിലാണ്.

2.മനുഷ്യരുടെ പൂർവികരാണത്രെ ഈ വിരുതൻമാർ.

4.കാള കിടക്കും കയർ ഓടും.








# ചരിത്ര പ്രതിഭകൾ

## *ഒന്നാം പഴശ്ശിവിപ്ലവം*


ടിപ്പുവിൽനിന്ന് വയനാട് കൈയടക്കിയ ബ്രിട്ടീഷുകാർ നികുതിനയത്തിൽവരുത്തിയ മാറ്റമാണ് ഒന്നാം പഴശ്ശികലാപത്തിന് വഴിയൊരിക്കിയത്.മൈസൂർ രാജാക്കന്മാർ കർഷകരിൽ നിന്ന് നേരിട്ടാണ് നികുതി പിരിച്ചിരുന്നത്.എന്നാൽ ബ്രീട്ടിഷുകാർ ഓരോ പ്രദേശത്തെയും നികുതി പിരിക്കാനുള്ള അവകാശം അതാത് നാട്ടുവാഴികളെ ഏൽപിക്കുകയും ചെയ്തു.നാട്ടുവാഴികൾ ഒരു നിശ്ചിത തുക ബ്രിട്ടീഷുകാർക്ക് നൽകാൻ കരാറുണ്ടാക്കി.ഇതോടെ കർഷകർ നികുതിഭാരംകൊണ്ട് പൊറിതിമുട്ടി.ബലം പ്രയോഗിച്ചും അക്രമങ്ങൾ നടത്തിയുമുള്ള നികുതിപിരിവ് ജനങ്ങളെയാകെ അരിശംകൊള്ളിച്ചു. ജനങ്ങളുടെ പിന്തുണയോടെ ബ്രിട്ടീഷുകാർക്കെതിരെ കലാപത്തിനൊരുങ്ങാൻ പഴശ്ശി നിർബന്ധിതനായി .ബ്രിട്ടീഷുകാർ കോട്ടയത്തിന്റെ പരിധികളിൽനിന്ന് നികുതിപിരിക്കുന്നത് പഴശ്ശിരാജ വിലക്കി.



## രണ്ടാം പഴശ്ശിയുദ്ധം

1799-ലെ ശ്രീരംഗപട്ടണം സന്ധിയുടെ ബലത്തിൽ വയനാട് കൈയടക്കാൻ ബ്രിട്ടീഷുകാർ ഒരുങ്ങി.ഇത് രണ്ടാം പഴശ്ശിയുദ്ധത്തിനു കാരണമായി .വയനാട്ടിൽ നികുതിപിരിക്കാനുള്ള ബ്രിട്ടീഷുകാരുടെ നീക്കം പഴശ്ശിരാജ തടസ്സപ്പെടുത്തി.നായന്മാർ, കുറിച്യർ,ടിപ്പുവിന്റെ സൈന്യത്തിൽനിന്ന് പിരിച്ചുവിടപ്പെട്ട മുസ്ലിങ്ങൾ എന്നിവരെ സംഘടിപ്പിച്ച് പഴശ്ശിരാജ ഒരു ജനകീയസൈന്യം ഉണ്ടാക്കി .നാട്ടിലെ ധനികരും പാവപ്പെട്ടവരും രാജാവിനെ സഹായിച്ചു.വയനാടിന്റെ സവിശേഷമായ ഭൂമിശാസ്ത്രവും പഴശ്ശിക്ക് അനുകൂലമായിരുന്നു.

ആദിത്യ. കെ.എം.
9 f



## ചാൾസ് റോബർട്ട് ഡാർവിൻ (1809-1882)

പരിണാമസിദ്ധാന്തം ആവിഷ്കരിച്ച ബ്രിട്ടീഷ് പ്രകൃതി ശാസ്ത്രജ്ഞൻ. ജീവികളെ കുറിച്ച് പഠനം നടത്താനായി എച്ച്.എം.എസ് ബീഗിൾ എന്ന കപ്പലിൽ അഞ്ചു വർഷം നീണ്ട പഠനയാത്രകൾ നടത്തി ജീവികളിൽ കാണപ്പെടുന്ന വ്യത്യാസങ്ങൾ നിരീക്ഷിച്ചു.

*പ്രധാനകൃതികൾ:* ഓൺ ദ ഒറിജിൻ ഓഫ് സ്പീഷീസ് ബൈ മീൻസ് ഓഫ് നാച്ചറൽ സെലക്ഷൻ, വേരിയേഷൻ ഇൻ ആനിമൽസ് ആന്റ് പ്ലാന്റ്സ് അണ്ടർ ഡൊമസ്റ്റിക്കേഷൻ, ദ ഡിസന്റ് ഓഫ് മാൻ എന്നിവയാണ് പ്രസിദ്ധ കൃതികൾ.

# തോമസ് ആൽവ എഡിസൺ

*ജനനം: 1847 മരണം: 1931 ഇലക്ട്രിക് ബൾബ്, ടെലഗ്രാഫ് ഉപകരണങ്ങൾ, ചലചിത്ര ക്യാമറ, പ്രക്ഷപണി, നവീന ടെലഫോൺ എന്നിവയെല്ലാം കണ്ടുപിടിച്ചത് അമേരിക്കക്കാരനായ എഡിസനാണ. വൈദ്യുതിയിൽ നിന്ന് പ്രകാശം ഉല്പ്പാദിപ്പിക്കാമെന്ന അദ്ദേഹത്തിന്റെ കണ്ടുപിടിത്തം, ലോക ചരിത്രത്തിലെ ഒരു വഴിത്തിരിവായി 1879-ൽ എഡിസൺ കാർബൺ ഫിലമെന്റ് ലാമ്പ് നിർമ്മിച്ചു. 1883-ൽ എഡിസൺ കണ്ടുപിടിച്ച " എഡിസൺ പ്രവാഹം " ശാസ്ത്രരംഗത്ത് എടുത്തുപറയാവുന്ന ഒരു നേട്ടമായിരുന്നു.*

***ABIN.N***




# മേരി ക്യൂറി

**ജനനം: 1867 മരണം: 1934**

റേഡിയോ ആക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് ശാസ്ത്രരംഗത്ത് പ്രശസ്തമാവുകയും രണ്ടു തവണ നോബേൽ സമ്മാനത്തിനർഹനാവുകയും ചെയ്ത ഫ്രഞ്ചു ശാസ്ത്രജ്ഞൻ. പോളണ്ടിലാണ് ജനിച്ചത്. ഹെൻറി ബെക്കറേൽ, പിയറി ക്യൂറി എന്നിവരോടൊപ്പം 1903-ൽ റേഡിയോ ആക്റ്റിവിറ്റി കണ്ടുപിടിച്ചതിന് ഭൗതിക ശാസ്ത്രത്തിനുള്ള നോബേൽ സമ്മാനത്തിനർഹനായി. 1911-ൽ ശുദ്ധമായ റേഡിയത്തിന്റെ നിർമ്മാണത്തിന് മേരി ക്യൂരി രസതന്ത്രത്തിലും നോബേൽ സമ്മാനത്തിനർഹനായി. പൊളോണിയം എന്ന മൂലകം കണ്ടെത്തിയതും മാഡം ക്യൂറി തന്നെ

റീസാന ഫെബിൻ



# പ്രളയം

ഹരിഷ് കുമാർ പി. കെ.



പുഴ
ഗൗതമനോട്
ചോദ്യങ്ങൾ
ചോദിച്ചു കൊണ്ടേയിരിന്നു.

മറവിയിലേക്കുള്ള വഴി ഏത് ?
കുടഞ്ഞെറിഞ്ഞ
ഓർമ്മകളുടെ തിരകൾ
വീണ്ടും വന്നു തൊടുന്നത്
ഗൗതമനറിഞ്ഞു .
കപിലവസ്തുവിലെ
തെരുവുകളുടെ
ഗന്ധം പേറിയകാറ്റിനെ
ചെറുക്കാനെന്നോണം
ശ്വാസം നിയന്ത്രിച്ച്
അയാൾ മിഴികളടച്ചു .

ദുഃഖത്തെ മുറിച്ചു കടക്കാനുള്ള
തോണി ഏത് ?
കണ്ണീരിന്റെ കടലുകൾ
കണ്ടതേയില്ലെന്ന്
ഗൗതമൻ ആശിച്ചു .

എന്താണ് തണൽ ?
വെയിലുകൾ കടന്നെത്തി
ആലിലകളെ തഴുകിയ കാറ്റ്
ഗൗതമനെ പൊള്ളിച്ചു .

അറിവ് തേടേണ്ടത് എവിടെ ?
മനസ്സിന്റെ
വറ്റിപ്പോയ കടലാഴങ്ങളെ
അയാൾക്ക് ഓർത്തെടുക്കാനായില്ല
ഒരു ചോദ്യവും
ഉത്തരങ്ങൾ തേടുന്നില്ലെന്ന്
ഗൗതമനറിഞ്ഞു .
ആരാണ് നീ ?

ആ ചോദ്യത്തോടെയാണ്
ഗൗതമൻ ബുദ്ധനായത്
പക്ഷെ,
ചോദ്യങ്ങൾ
ഒഴുകിക്കൊണ്ടിരുന്നു
മെലിഞ്ഞും
നിറഞ്ഞുകലങ്ങിയും
മാറി മാറി



# മലർവാടി

മലർ തേൻ നുകരുന്ന വണ്ടാണു ഞാൻ..................
മണമോലും സുഗന്ധം പരത്തി ഞാൻ..........................
നിൻ ഹൃത്തിൻ ആശ്വാസമായി..........................
ഞാൻ എത്തുന്ന നറു സന്തോഷമേകാൻ................
കാത്തിരിക്കുക വരും ദിനങ്ങളിൽ................................
നീ എന്നു വരുന്നുവോ അന്നു ഞാൻ ജനിക്കും................
കാത്തിരിക്കും പ്രതീക്ഷയോടെ...............................................
എൻ പ്രിയ സുന്ദരിക്കുവേണ്ടി.............................................

അഞ്ജലി എം.ജെ



# ചന്ദ്രനിലെ രാജകുമാരി




ZEENATH

# DIGITAL PAINTING



*NAJIYA*
*10 C*

# GOD'S OWN DISTRICT



**Wayanad** is a district in the north-east of Kerala state, India with headquarters at the municipality of Kalpetta . The district was formed on 1 November 1980 as the 12th district in Kerala by carving out areas from Kozhikode and Kannur districts. About 885.92.sq.km of area of the district is under forest .

Wayanad enjoys a salubrious climate throughout the year. The mean average rain fall in this district is 2322 mm. Lakkidi, Vythiri and Meppadi are the high rainfall areas in Wayanad. Annual rain fall in these high rain fall areas ranges from 3,000 to 4,000m.m. High velocity winds are common during the south west monsoon and dry winds blow in March-April.




The name 'Wayanad' is derived from 'Vayal Nadu' which translates to 'the land of paddy fields' in English.


Historians believes that the human settlement existed in these parts for at least ten centuries before christ. Much evidence of New stone age civilisation can be seen in the hills throughout the present day Wayanad district. It was at Mananthavady (35km N) that Lord Arthur Wellesley fought a guerilla war with the Pazhassi Raja and British supremacy marked the region for two centuries. When the state of Kerala was created in 1956; the southern region of Wayanad which was part of Cannannoor district was attached to Calicut district. In 1980

the Wayanad region was amalgamated out of the districts of Kannur and Kozhikode and comprised the three taluks of Mananthavady, Sultan Bathery and Vythiry.



## Top tourist places in wayanad

***1) Edakkal Caves***



***Edakkal Caves*** are two natural caves at a remote location at Edakkal, 25 km from Kalpetta in the Wayanad district of Kerala in India's Western Ghats. They lie 1,200 m above sea level on Ambukutty Mala, near an ancient trade route connecting the high mountains of Mysore to the ports of the Malabar coast.

2)***<u>Soochipara Falls</u>***



***Soochipara Falls*** also known as Sentinel Rock Waterfalls is a three-tiered waterfall in Vellarimala, Wayanad, India. It is surrounded by deciduous, evergreen and montane forests.

3)***<u>wayanad wildlife Sanctuary</u>***




***Wayanad wildlife Sanctuary*** is an animal sanctuary in Wayanad, Kerala, India. It has an extent of 344.44 km² with four ranges namely Sulthan Bathery, Muthanga, Kurichiat and Tholpetty. A variety of large wild animals such as Indian bison, elephant, deer and tiger are found there.

4)***Kuruvadweepor***



***Kuruvadweepor*** Kuruva Island is a 950-acre protected river delta. It comprises three densely wooded uninhabited islands and a few submergible satellite islands, which lies on the banks of the tributaries of Kabini River in the Wayanad district, Kerala, India.

5)***Banasura Sagar Dam***,



***Banasura Sagar Dam***,which impounds the Karamanathodu tributary of the Kabini River, is part of the Indian Banasurasagar Project consisting of a dam and a canal project started in 1979.

# History

When Wayanad was under Hyder Ali's rule, the ghat roadfrom Vythiri to Thamarassery invented invented. Then the British rulers developed this route to Carter road.



**Adiyan**: Adiyans are a matrilineal Tribal group, who were treated as bonded slave labourers by the landlords up to 1976. Now majority of them are agricultural labourers and some of them are marginal agriculturalist. They spoke Adiya language as their mother tongue.



In the ancient times this land was ruled by the Rajas of the Veda tribe. In later times, Wayanad came under the rule of **Pazhassi Rajas** of Kottayam royal dynasty. When **Hyder Ali** became the ruler of Mysore, he invaded Wayanad and brought it under his way. In the days of Tipu, Wayanad was restored to the Kottayam royal dynasty. But **Tipu** handled entire Malabar to the British after the Sreerandapattam truce that he made with them. This was followed by fierce encounters between the British and **Kerala Varma Pazhassi Raja** of Kottayam. Even when the Rajah was driven to the wilderness of Wayanad he waged several battles with his Nair and Kurichia-Kuruma tribal soliders against the British troops and defeated the latter several times through guerilla type encounters. The British could get only the dead body of the Rajah who killed himself somewhere in the interior forest. Thus Wayanad fell into the hands of British, and with it began a new turn in the history of this area. The Britishers opened up the Plateau for cultivation of tea and other cash crops. Roads were laid across the dangerous slopes of Wayanad from Calicut and Telicherry. These roads were extended to the city of Mysore and to Ooty through Gudalur. Roads facilities provided opportunities for the people of outside Wayanad to flow and settle to these jungle regions.

When the state of Kerala was formed in 1956, Wayanad was part of Kannur district. Later South Wayanad was added to Kozhikode district and then on November 1, 1980 North and South Wayanad joined together to form the present Wayanad district.

## ***Geography***



Wayanad district has quite a healthy climate. The mean average rain fall in this district is 2322 mm. Lakkidi, Vythiri and Meppadi are the high rainfall areas in Wayanad. Annual rain fall in these high rain fall areas ranges from 3,000 to 4,000m.m. High velocity winds are common during the south west monsoon and dry winds blow in March-April. High altitude regions experience severe cold. In the district, Ambalavayal experiences a high relative humidity which goes even up to 95 per cent during the south west monsoon period. The Kabani River and its tributaries make up a rather powerful river system in the landscape of Wayanad district. Kabani is an important tributary of the Kaveri riverhree east-flowing rivers of Kerala. Panamaram rivulet takes its origin from the perennial lake called, 'Pookode Lake'. It flows swiftly through mountain gorges and joined by other streams, tumbles down into Panamaram valley. Six kilometres further from Panamaram, this river joins with the Mananthavady rivulet, originating from the lower regions of the peak 'Thondarmudi'. From this confluence onwards, the river is known as Kabani, a mighty, perennial river which after entering Karnataka  with the Kaveri River. Almost the whole of Wayanad is drained by the Kabani River and its tributaries, namely, Panamaram river, Mananthavady river and Thirunelli river.



# Tribes

## Adiyan

_Adiyans are a matrilineal Tribal group, who were treated as bonded slave labourers by the landlords up to 1976. Now majority of them are agricultural labourers and some of them are marginal agriculturalist. They spoke Adiya language as their mother tongue.

## Kattuniakkan

Kattuniakkan :A particularly Vulnerable Tribal group of Wayanad. Jenu Kurumban and Ten Kurumban are the synonyms used for the Kattunayakan community. They spoke Kattunaikka language a dialect of Kannada and Malayalam. They are patrilineal and a forest dwelling, hunting and gathering community. This is the largest population among PVTG in Kerala with a total population of19995 (Male- 9953, Female-10042)

## Kattuniakkan

Kattuniakkan: Majority of them are agriculturalists and well versed in hunting with bows and arrows. Their dialect is known as Kurichya language. They are very famous for their matrilineal social organization. They are the second largest community among Scheduled Tribes with a total population of 35909 (Male- 18129, Female-17780)

## Mullukkurman

Mullukkurman: A patrilineal and patrilocal tribal agriculturalist community found in Wayanad. The community members are expert in hunting and their spoken language is Mullukkuruma language. The total population is 21375 (Male- 10625, female-10750)

**Paniyan**

Paniyan: A Patrilinial slave tribe community until 1976s Bonded labour act, distributed in Wayanad, Kannur, Kozhikode and Malappuram. They are the largest single tribal community with a population of 92787 (Male-45112, female- 47675). Their language is a dialect known as Paniya Language and nowadays they are agricultural labourers

## Thachaanadan Mooppan

Thachaanadan Mooppan: Thachaanadan Mooppan is a matrilineal community. In earlier days they are shifting cultivators and hunters. Nowadays they earn through agricultural labour work. They are expert in carpentry and basket making. Their total population is 1649, and consists of 814 males and 835 females.

## Vettakkuruman

Vettakkuruman: Vettakkuruman also a patrilineal tribal community. They are the artisan tribes and well versed in Pottery, carpentry, blacksmithry and tools making and Basketry. Their language is known as Bettakkuruma language. The population of Vettakuruman is 6482 consisting of 3193 males and 3289 females.

## Wayanad Kadar

Wayanad Kadar: They are found in Kozhikode and Wayanad district and entirely a different generic stock from Kaders of Cochin. They are matrilineal marginal tribes with a population of 673 consists of 348 males and 325 females.

***Bharath,Basil, Shalbin,***
***Sinan (Students of 9F)***

# വയനാടിന്റെ ഭാവി



ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഹൈ ആൾട്ടിട്യൂഡ് സ്റ്റേഡിയം.

രാജ്യത്തെ രണ്ടാമത്തേത്. കേരളത്തിലെ വയനാട്ടിൽ സ്ഥിതി ചെയ്യുന്നു. . 2009-ൽ തറക്കല്ലിടൽ ചടങ്ങ് പ്രസിദ്ധ മുൻ ഇന്ത്യൻ താരങ്ങളായ റോബിൻ സിങ്ങും സുനിൽ ജോഷിയും നടത്തിയെങ്കിലും മഴയും മഞ്ഞും കാലാവസ്ഥ മാറ്റവും കാരണം നാലു വർഷങ്ങൾക്കു ശേഷമാണ് അന്നത്തെ കേരള ഗവർണർ നിഖിൽ കുമാറും കേരള ക്രിക്കറ്റ് അസോസിയേഷനും കൂടിച്ചേർന്ന് വയനാടിന് സമർപ്പിച്ചത്. ഇന്ത്യ (A) യും സൗത്ത് ആഫ്രിക്കയും (A) യും തമ്മിലുള്ള മത്സരം അടക്കം നാല് ഫസ്റ്റ് ക്ലാസ്സ് മത്സരങ്ങൾക്ക് വേദി ആയിട്ടുണ്ട് ഈ സ്റ്റേഡിയം. പ്രകൃതിഭംഗി ആസ്വദിക്കാനാവുന്നതു കൊണ്ടും അന്താരാഷ്ട്ര നിലവാരത്തിലുള്ള പവലിയനും ഡ്രൈനേജ് സംവിധാനവും സ്റ്റേഡിയത്തെ ആകർഷകമാക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 2100 അടി ഉയരത്തിലുള്ള സ്റ്റേഡിയം ഇന്ത്യയിൽ ക്രിക്കറ്റിനു വേണ്ടി മാത്രമുള്ള ഏക ഹൈ ആൾട്ടിട്യൂഡ് സ്റ്റേഡിയമാണ്. പ്രശസ്ത ഇന്ത്യൻ താരങ്ങളും വിദേശ താരങ്ങളും പരിശീലകരും നിരവധി തവണ ഈ സ്റ്റേഡിയം സന്ദർശിച്ചിട്ടുണ്ട്. ഇപ്പോൾ കേരള ഗുജറാത്ത് രഞ്ജി ട്രോഫി ക്രിക്കറ്റ് ക്വാർട്ടർ ഫൈനൽ മത്സരത്തിന് വേദിയാകുകയാണ് കൃഷ്ണഗിരി. നിരവധി തവണ രഞ്ജി ട്രോഫിക്ക് വേദിയായിട്ടുണ്ടെങ്കിലും ആദ്യമായിട്ടാണ് ഒരു നോക്കൗട്ട് മത്സരത്തിന് വേദിയാകുന്നത്. പേസ് ബൗളേഴ്സിന് കൂടുതൽ സാധ്യതകൾ ഉള്ള പിച്ച് ആണെങ്കിലും ഇടയ്ക്കിടെ ഉള്ള മഴ കളിയെ ആകെ മാറ്റിമറിച്ചിട്ടുണ്ട്. മഴയ്ക്കു ശേഷം 20 മിനിറ്റിനുള്ളിൽ കളി തുടരാൻ സാധിക്കുന്ന തരത്തിലുള്ള ഡ്രൈനേജ് സംവിധാനമാണ് ഏക ആശ്വാസം.

*BHARATH 9F*

# വരകൾ -ചിത്രങ്ങൾ



ഷഹല ലുലു
9 F

# كلمات العربيّة في الانجليزيّة

| | | |
|---|---|---|
| قراط | - | Carat |
| الطؤبة | - | Adobe |
| القيمياء | - | Alchemy |
| الكحل | - | Alcohol |
| الجبر | - | Algebra |
| الحوارزمي | - | Algorithm |
| القيلي | - | Alkali |
| الحشيشية | - | Assassin |
| عطر | - | Attar |
| قند | - | Candy |
| قهوة | - | Coffee |
| قطن | - | Cotton |
| زرافة | - | Giraffe |
| سكّر | - | Sugar |
| شراب | - | Syrup |
| سواد | - | Soda |
| حنّاء | - | Henna |
| جرّة | - | Jar |
| نارنج | - | Orange |
| صفر | - | Safari |
| زافران | - | Saffron |
| طبق | - | Tobacco |




Rinsha sherin .A

# ചരിത്രത്തിന്റെ മുറിവുകൾ

വിദേശത്തുനിന്നും കൊണ്ടുവന്ന പൊൻമുട്ടയിടുന്ന താറാവ്
അഞ്ചുവർഷം കൂടുമ്പോൾമാത്രമാണ് ഓരോ പൊന്മുട്ട ഇടുന്നതെന്ന തിരിച്ചറിവ്
വിപ്ലവത്തറവാട്ടിലെ കാരണവരായ അമ്മാവനിലും യുവത്വത്തിന്റെ
പ്രതീകമായ അനന്തരവനിലും അസ്വസ്ഥത ജനിപ്പിച്ചു.
രണ്ടാളും ചേർന്നുള്ള പ്രത്യയശാസ്ത്ര ചർച്ചകൾക്കൊടുവിൽ
താറാവിനെ കൊല്ലാനും പൊൻമുട്ടകൾ ഒന്നിച്ചെടുക്കുവാനും തീരുമാനിച്ചു
ഏതു രീതിയിൽ കൊലണമെന്ന തർക്കം ചരിത്രത്തിനു കുറുകെ
കുതിച്ചുകയറുമ്പോൾ, സങ്കടം പെരുകിയ പൊൻമുട്ടയിട്ടയിടുന്ന താറാവ്
തറവാട്ടുമുറ്റത്ത് തലതല്ലിച്ചത്തു വീണു.
താറാവിന്റെ ശരീരം കീറിമുറിച്ച ചരിത്ര ഡോക്ടർമാർ ശരിക്കും
ഞെട്ടുക തന്നെ ചെയ്തു. കാരണം താറാവിന്റെ വയറിനുള്ളിൽ
നിറയെ പാകമായ മുഴുത്ത പൊന്മുട്ടകളായിരുന്നു...

*ഷാജി പുൽപള്ളി*



# ഭൂമിക്കൊരു തണൽ




ഷഹല ലുലു
**9 F**

# മാഗസിൻ പ്രവർത്തനങ്ങളിലൂടെ





# അടൽ തിങ്കറിംഗ് ലാബിന്റെയും നവീകരിച്ച ഹൈടെക് മുറികളുടെയും ഉദ്ഘാടനം






# നവീകരിച്ച സ്കൂൾ ലൈബ്രറിയുടെ ഉദ്ഘാടനം






# ശാസ്ത്രമേള






# അക്ഷരവേദി പുരസ്കാര സമർപ്പണം



## പരിസ്ഥിതി സൗഹൃദ പാർക്ക്



# പുസ്തക കൈമാറ്റം



# യാത്രയയപ്പ്




ഗവ. H.S.S കണിയാ
നാഗസാക്കി. ഹിരോഷിമ
ദിനാചരണം
സോഷ്യൽ ക്ലബ്ബ്
അക്ഷരവേദി
വിദ്യാരംഗം







# ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഫോട്ടോഗ്രാഫി കോഴ്സ് ട്രൈനിങ്

# അദ്ധ്യാപകരോട് കൂടെ..........



# പത്രത്താളുകളിലൂടെ ............

## സ്വാതന്ത്ര്യ സമര ചരിത്രം:ദൃശ്യ വിസ്മയങ്ങളൊരുക്കി കണിയാമ്പറ്റ ഗവ. ഹൈസ്കൂൾ

**കണിയാമ്പറ്റ:** സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സ്വാതന്ത്ര്യ സമര ചരിത്ര സംഭവങ്ങളെ കോർത്തിണക്കി കണിയാമ്പറ്റ ഗവ. ഹൈസ്ക്കൂളിൽ ദൃശ്യാവിഷ്ക്കാര മത്സരം നടത്തി. ചരിത്ര സംഭവങ്ങളുടെ തുടർച്ച നിലനിർത്തിയായിരുന്നു ഓരോ ക്ലാസിനും വിഷയം നൽകിയത്. തന്മൂലം പഠനാനുഭവങ്ങൾ നേരിട്ട് മനസ്സിലാക്കാനും ഈ ദൃശ്യ വിരുന്ന് സഹായകമായി.

ഒന്നാം സ്വാതന്ത്ര്യ സമരവും ബംഗാൾ വിഭജനവും നിസ്സഹകരണ പ്രസ്ഥാനവും ജാലിയൻ വാലാബാഗും ഉപ്പു സത്യാഗ്രഹവും ക്വിറ്റ് ഇന്ത്യാ സമരവും സ്കൂൾ സ്റ്റേജിനെ ചരിത്ര ഭൂമികയാക്കി മാറ്റി. ഗാന്ധിജിയും നെഹ്റുവും ഝാൻസി റാണിയും ഭഗത്സിങ്ങും സുഭാഷ് ചന്ദ്ര ബോസും സരോജിനി നായിഡുവും കുട്ടികളിലൂടെ പുനർ ജനിച്ചപ്പോൾ പോയ കാലഘട്ടത്തിന്റെ വീരഗാഥകളിലേക്ക് കലാലയം ഒന്നാകെ ഒഴുകി നീ



*കണിയാമ്പറ്റ ഗവ. ഹൈസ്കൂളിൽ നടത്തിയ ദൃശ്യാവിഷ്കാര മത്സരത്തിൽ നിന്നുള്ള ദൃശ്യം*

ങ്ങി. ദൃശ്യാവിഷ്കാര മത്സരങ്ങളുടെ ഉദ്ഘാടനം ഹെഡ് മിസ്ട്രസ് എം കെ ഉഷാദേവി നിർവ്വഹിച്ചു. സി എം ഷാജു അധ്യക്ഷത വഹിച്ചു. എം വസന്ത, വിനോദ് പുല്ലഞ്ചേരി, ജയ കെ എൻ, ജിഷ ബിന്ദു, എൻ അബ്ദുൽ ഗഫൂർ, ഷാജി പുൽപ്പള്ളി, പി ഉണ്ണികൃഷ്ണൻ, എം കെ ഡോളി, ഹരീഷ്കുമാർ പി കെ, കെ എ ഫിലോമിന, ദിൽവാഹിദ് ആർ ബി, അജയ് വിജയൻ, എന്നിവർ നേതൃത്വം നൽകി.


### ❑ സംസ്ഥാന ശാസ്ത്രമേളയിൽ ഓവറോൾ കിരീടം

## വയനാടിന് അഭിമാനമായി കണിയാമ്പറ്റ ഗവ. ഹയർസെക്കൻഡറി സ്കൂൾ

കണിയാമ്പറ്റ:കോഴിക്കോട്നടന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ പങ്കെടുത്ത എല്ലാ ഇനങ്ങളിലും സമ്മാനർഹരായി 24 പോയന്റുകളോടെ ഓവറോൾ നേടി കണിയാമ്പറ്റ ഗവ.ഹയർ സെക്കൻഡറി സ്കൂൾ വയനാടിന്റെ അഭിമാനമായി.

റിസർച്ച് ടൈപ്പ് പ്രൊജക്ടിൽ ജൈവവള പ്രയോഗം മണ്ണിലെ സ്വാഭാവിക നൈട്രേറ്റിന്റെ അളവ് എപ്രകാരം വർധിപ്പിക്കും എന്നതിനെ കുറിച്ച് ഗവേഷണം നടത്തിയ ഹിബ ഫാത്തിമ, ലിജിന ബിജു എന്നി കുട്ടികൾ ഒന്നാം സ്ഥാനം നേടി.

വർക്കിങ് മോഡലിൽ ജൈവ അജൈവ മാലിന്യങ്ങളെ പ്രകൃതി സൗഹാർദപരമായി എങ്ങനെ സംസ്കരിക്കാം എന്ന കണ്ടെത്തൽ നടത്തി അനന്തദേവ് എസ് പ്രസാദ്, ധീരജ് എം എന്നിവർ രണ്ടാം സ്ഥാനവും ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റിൽ പ്രകാശ പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട പരിക്ഷണങ്ങളുമായി അഭിഷേക് എം ദേവ്, റീമ റൊസാരിറ്റ എന്നിവർ മൂന്നാംസ്ഥാനവും കരസ്ഥമാക്കി.



*1.സംസ്ഥാന ശാസ്ത്രമേളയിൽ റിസർച്ച് ടൈപ്പ് പ്രൊജക്ടിൽ ഒന്നാം സ്ഥാനം നേടിയ ഹിബഫാത്തിമ, ലിജിന ബിജു 2.വർക്കിങ് മോഡലിൽ രണ്ടാംസ്ഥാനം നേടിയ അനന്തദേവ് എസ് പ്രസാദ്, ധീരജ് എം 3.ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റിൽ മൂന്നാംസ്ഥാനം നേടിയ അഭിഷേക് എം ദേവ്, റീമ റൊസാരിറ്റ*

കണിയാമ്പറ്റയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു മേളയിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്നത്. ജേതാക്കളെ അധ്യാപക രക്ഷാകർതൃസമിതി അനുമോദിച്ചു.

പി.ടി.എ പ്രസിഡന്റ് അബ്ദുൽ ഗഫൂർ കാട്ടി, പി.ടി.എ വൈസ് പ്രസിഡന്റ് ദേവകുമാർ എം, ഹെഡ്മിസ്ട്രസ് എം.കെ ഉഷാദേവി, സി.എം ഷാജു, അയിഷ കെ, ജിജോ കെ.പി, മറിയം മഹമൂദ്, എൻ അബ്ദുൾ ഗഫൂർ, ഹരീഷ് കുമാർ പി.കെ, ഷാജി പുൽപ്പള്ളി, ജയ കെ.എൻ സംസാരിച്ചു.

മാതൃഭൂമി 2015 ഒക്ടോബർ 10 ശനിയാഴ്ച
www.mathrubhumi.com/localnews

# കണിയാമ്പറ്റയിൽ എഴുത്തുകാരുടെ സ്വന്തം സ്കൂൾ ലൈബ്രറി; വായനക്കാരുടെയും



കണിയാമ്പറ്റ ഗവ. ഹൈസ്കൂൾ ലൈബ്രറിയിലെ എഴുത്തുകാരുടെ ചിത്രങ്ങൾ

**കല്പറ്റ:** എഴുത്തുകാരുടെ ചിത്രങ്ങളാൽ നിറഞ്ഞ് ഒരു സ്കൂൾ ലൈബ്രറി. കണിയാമ്പറ്റ ഗവ. ഹയർസെക്കൻഡറിയിലെ ഹൈസ്കൂൾ വിഭാഗം ലൈബ്രറിയിലാണ് എഴുത്തുകാർ വായനയ്ക്ക് സാക്ഷികളാവുന്നത്.

30 ഛായാചിത്രങ്ങളാണ് ലൈബ്രറിയിലുള്ളത്.

ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ രാജ്യത്തെ വിവിധ ഭാഷയിലെ എഴുത്തുകാർ ഈ കൂട്ടത്തിലുണ്ട്. എന്നാലും മലയാളത്തിലെ പ്രിയ സാഹിത്യകാരന്മാർക്കാണ് പ്രാമുഖ്യം. എഴുത്തച്ഛൻ, കുമാരനാശാൻ, ഒ.വി. വിജയൻ, സുകുമാർ അഴീക്കോട്, തകഴി, പി.എൻ. പണിക്കർ, ഒ.എൻ.വി, ടി. പത്മനാഭൻ, കാക്കനാടൻ, എ.പി.ജെ. അബ്ദുൽകലാം, വൈലോപ്പിള്ളി, എം.ടി, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയവരുടെ ചിത്രങ്ങളാണ് ലൈബ്രറിയിലുള്ളത്.

സ്കൂളിലെ ഓരോ ക്ലാസും വിവിധ സ്കൂൾ ക്ലബ്ബുകളുമാണ് ലൈബ്രറിയിൽ ചിത്രങ്ങൾ സ്ഥാപിച്ചത്. വിദ്യാർഥികളുടെ വായനാതാല്പര്യം വർധിപ്പിക്കാനും എഴുത്തുകാരെ പരിചയപ്പെടാനും ഈ ചിത്രങ്ങൾ ഉപകരിക്കുമെന്ന് ലൈബ്രറി ഇൻചാർജും എഴുത്തുകാരനുമായ ഷാജി പുല്പള്ളി പറഞ്ഞു. സ്കൂളിലെ സാമൂഹികശാസ്ത്രം അധ്യാപകനായ ഷാജിയാണ് വിദ്യാർഥികളെ എഴുത്തുകാരുമായി ബന്ധിപ്പിക്കുന്ന കണ്ണി. മറ്റൊരു ലൈബ്രറിയിലും കാണാത്തവിധം ഭംഗിയായാണ് ചിത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

5900 പുസ്തകങ്ങളാണ് ലൈബ്രറിയിലുള്ളത്. നോവൽ, കഥ, കവിത, ചരിത്രം, ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെ പുസ്തകങ്ങൾ വേർതിരിച്ചിട്ടുണ്ട്. മാതൃഭൂമി പത്രവും ആഴ്ചപ്പതിപ്പും ഉൾപ്പെടെ ഒട്ടുമിക്ക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും ലൈബ്രറിയിലുണ്ട്. 20 ആനുകാലികങ്ങളും 15 ചെറുമാസികകളും ലൈബ്രറിയിൽ എത്തുന്നു. ഇത്രയധികം പ്രസിദ്ധീകരണങ്ങൾ മറ്റു സ്കൂൾ ലൈബ്രറികളിൽ കാണാൻ സാധിക്കില്ല. ഇന്ന് ഇല്ലൻഡ് മാസിക പോലുള്ള ലിറ്റിൽ മാഗസിനുകൾ കുട്ടികൾക്ക് അപൂർവാനുഭവമാണ്.

ഒമ്പതുമണി മുതൽ അഞ്ചുമണിവരെ വായനമുറി പ്രവർത്തിക്കും. കുട്ടികൾ പത്രം വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ദിവസവും ദിനപത്രത്തിലെ വാർത്തയുമായി ബന്ധപ്പെട്ട ചോദ്യം വാർത്താബോർഡിൽ പതിക്കും. ഇതിൻെറ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നവർക്കു സമ്മാനം കൊടുക്കുകയും ചെയ്യും. ഓരോമാസവും ആനുകാലികങ്ങളെ അടിസ്ഥാനമാക്കി സാഹിത്യക്വിസും നടത്തുന്നു.

വായിക്കുന്ന പുസ്തകങ്ങളുടെ വായനാക്കുറിപ്പ് കുട്ടികൾ എഴുതണം.

വർഷാവസാനം അതു പരിശോധിച്ച് മികച്ച വായനക്കാരനെയും വായനക്കാരിയെയും കണ്ടെത്തി സമ്മാനം നല്കുന്നതും ഇവിടുത്തെ പ്രത്യേകതയാണ്.

അക്ഷരവേദിയും സ്കൂൾ ലൈബ്രറിയും ചേർന്ന് പുസ്തക ചർച്ച, സംവാദം, എഴുത്തുകാരെ പരിചയപ്പെടൽ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

ഷാജി പുല്പള്ളിയെ കൂടാതെ പ്രഥമാധ്യാപകൻ എ.ഇ. ജയരാജൻ, അധ്യാപകരായ എൻ. അബ്ദുൾ ഗഫൂർ, വിനോദ് പുല്ലഞ്ചേരി, വിദ്യാർഥികളായ അഞ്ജന സുരേഷ്, കെ.എം. മേഹ്ത്ത, അഭിഷേക് എം. ദേവ്, കെ.ടി. ആയിഷ തുടങ്ങിയവരാണ് ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്ക് പിന്നിലുള്ളത്.



കൊല്ലത്തു നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോൽസവത്തിൽ എച്ച്എസ് വിഭാഗത്തിൽ വയനാട് കണിയാമ്പറ്റ ജിഎച്ച്എസ്എസിലെ നൗറീനും ജിൻസിയ ജാസ്മിനും ചേർന്ന് അവതരിപ്പിച്ച മോഡൽ.
ചിത്രം: മനോരമ

# നാടൻ ഏത്തവാഴകളുടെ രക്ഷയ്ക്ക്

• വയനാട് കണിയാമ്പറ്റ ജിഎച്ച്എസ്എസിലെ നൗറീനെയും ജിൻസിയ ജാസ്മിനെയും കണ്ടത് ഒരു കൂട്ടം ഏത്തവാഴത്തൈകൾക്ക് ഇടയിലാണ്. പുതിയ തരം ഏത്തവാഴകൾക്കു പ്രതിരോധശേഷി കുറവാണ്. ഒപ്പം കീടനാശിനി പ്രയോഗങ്ങളും. വിപണിയില്ലാത്തതുകൊണ്ടു നാടൻ ഇനം കൃഷി ചെയ്യുന്നതിൽനിന്നു കൃഷിക്കാർ പറയുന്നതു കേട്ടാണ് ഇവർ പഠനത്തിനിറങ്ങിയത്.

വയനാട്ടിലെ തവിഞ്ഞാലിൽ കാൻസർ രോഗികൾ കൂടിയതിനു കാരണം വാഴത്തോട്ടങ്ങളിലെ കീടനാശിനി പ്രയോഗമാണെന്ന് ഇരുവരും പറയുന്നു. നാടൻവാഴക്കന്നിൽ നിന്നു ടിഷ്യുകൾച്ചർ മാതൃകയിൽ ഒട്ടേറെ തൈകൾ വളർത്തിയെടുക്കാനാകുമെന്ന് ഇരുവരും കണ്ടെത്തി. വാഴക്കന്നിന്റെ മുകൾഭാഗം അടിയോളം ചുഴ്ന്നു നാലായി മുറിച്ചാണു പുതിയ രീതി.

മേളയിൽ നാടൻ ഇനങ്ങളും നാടൻ ഏത്തയ്ക്ക വിഭവങ്ങളും അവർ ഒരുക്കിയിരുന്നു.

# 'ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി' – സെമിനാർ

**കണിയാമ്പറ്റ:** കേരള സർക്കാറിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ആഭിമുഖ്യത്തിൽ കണിയാമ്പറ്റ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കുട്ടികളിലും രക്ഷിതാക്കളിലും പൊതുസമൂഹത്തിലും ജനാധിപത്യത്തിന്റെ സമകാലിക പ്രസക്തി എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ സെമിനാർ സി.കെ. ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ബത്തേരി സെന്റ് മേരീസ് കോളജ് അധ്യാപകൻ സി.എസ്. ശ്രീജിത്ത് വിഷയാവതരണം നടത്തി. ദേശീയ അധ്യാപക അവാർഡ് ജേതാവ് സി.കെ. പവിത്രൻ മോഡറേറ്ററായിരുന്നു. ജില്ല പഞ്ചായത്ത് മെംബർ പി. ഇസ്മായിൽ, വയനാട് എ.ഡി.സി പി.സി. മജീദ്, എഴുത്തുകാരൻ കെ.എസ്. പ്രേമൻ, പ്രിൻസിപ്പൽ കെ.ആർ. മോഹനൻ, പ്രധാനാധ്യാപിക എം.കെ. ഉഷാദേവി, അബ്ദുൾ ഗഫൂർ കാട്ടി, ശിവൻ പള്ളിപ്പാട്, ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ, രാജു ജോസഫ്, പി.യു. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.



കണിയാമ്പറ്റ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച സെമിനാർ സി.കെ. ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു



വൈത്തിരി ഉപജില്ല ശാസ്ത്രമേളയിൽ വിജയികളായ കണിയാമ്പറ്റ സ്കൂൾ

# വൈത്തിരി ഉപജില്ല ശാസ്ത്രമേള: കണിയാമ്പറ്റ ജേതാക്കൾ

**കണിയാമ്പറ്റ:** പടിഞ്ഞാറത്തറ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന വൈത്തിരി ഉപജില്ല ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗം ശാസ്ത്രമേളയിലും, സാമൂഹിക ശാസ്ത്രമേളയിലും കണിയാമ്പറ്റ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ജേതാക്കളായി. ശാസ്ത്രമേളയിൽ വർക്കിങ് മോഡൽ വിഭാഗത്തിൽ അനന്തദേവ് എസ്. പ്രസാദ്, എം. ധീരജ് (ഒന്നാം സ്ഥാനം), സ്റ്റിൽ മോഡലിൽ നിദ ഫാത്തിമ, സ്നേഹ ജോർജ് (ഒന്നാം സ്ഥാനം), റിസർച് ടൈപ്പ് പ്രോജക്ടിൽ ഹിബ ഫാത്തിമ, ലിജിന ബിജു( ഒന്നാം സ്ഥാനം), ഇംപ്രുവൈസ്ഡ് എക്സ്പിരിമെന്റിൽ റീമ റൊസാരിറ്റ, അഭിഷേക് എം. ദേവ്(ഒന്നാം സ്ഥാനം) എന്നിവർ ജേതാക്കളായി. സാമൂഹിക ശാസ്ത്രമേളയിൽ പ്രാദേശിക ചരിത്ര രചനയിൽ കെ. ഷബ്നിഷ (ഒന്നാം സ്ഥാനം), വർക്കിങ് മോഡലിൽ അനീന തോമസ്, അശ്വിൻ കൃഷ്ണ( മൂന്നാം സ്ഥാനം), അറ്റ്ലസ് നിർമാണത്തിൽ അഭിനവ് സീ. പ്രകാശ്( മൂന്നാം സ്ഥാനം), പുരാവസ്തു ശേഖരം എം.എ. ശിൽപ(രണ്ടാം സ്ഥാനം), മണ്ണ്, -കല്ല്, -ഫോസിൽ ശേഖരണം അശ്വിൻ ജോസഫ് (ഒന്നാം സ്ഥാനം), ദൃശ്യാവിഷ്കാരം (രണ്ടാം സ്ഥാനം), സ്റ്റാമ്പ് ശേഖരണത്തിൽ സാനിയ നസ്റിൻ( ഒന്നാം സ്ഥാനം), പ്രവൃത്തി പരിചയമേളയിൽ ഇലക്ട്രിക് വയറിങ്ങിൽ എം.ആർ. അദ്വൈദ് രണ്ടാം സ്ഥാനവും, പനയോല ഉൽപന്ന നിർമാണത്തിൽ വി. തസ്ലീമ രണ്ടാം സ്ഥാനവും നേടി.

ജേതാക്കളെ പി.ടി.എ കമ്മിറ്റി അനുമോദിച്ചു. പി.ടി.എ പ്രസിഡന്റ് അബ്ദുൽ ഗഫൂർ കാട്ടി, സി.ടി. സലീം, എം. ദേവകുമാർ, പി. സലീം, എം.കെ. ഉഷാദേവി എന്നിവർ സംസാരിച്ചു.


LITTLE KITES


Thank You